

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാലമേൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 3 - 1095/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/12/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാലമേൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി

ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 3 - 1095/2024 തീയ്യതി: 24/12/2024

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ്

ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ലിജിലാൽ.ബി	ഡെപ്യൂട്ടി ഡയറക്ടർ	29-11-2024	06-12-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
29-11-2024	06-12-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മായാദേവി സി എസ്,ഓഡിറ്റ് ഓഫീസർ
ശ്രീമതി.സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുഷ റ്റി പിള്ള,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ.ജി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജിനിൽ ആന്റണി,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ബി.വിനോദ് കുമാർ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി.ദീപ്തി നായർ	സെക്രട്ടറി	01-04-2023	24-09-2023
ശ്രീ.അനിൽകുമാർ.എ.എസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	25-09-2023	01-01-2024
ശ്രീ.പ്രശാന്ത്.എ.ജെ	സെക്രട്ടറി-ഇൻ-ചാർജ്ജ്	02-01-2024	05-02-2024
ശ്രീ.അനിൽകുമാർ.എ.എസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	06-02-2024	19-03-2024
ശ്രീ.പ്രശാന്ത്.എ.ജെ	സെക്രട്ടറി-ഇൻ-ചാർജ്ജ്	20-03-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.രാജശ്രീ പി	കൃഷി ഓഫീസർ	01-04-2023	01-12-2023
ശ്രീമതി.നീതു രാജശേഖരൻ	കൃഷി ഓഫീസർ	02-12-2023	13-03-2024
ശ്രീമതി.രാജശ്രീ.പി	കൃഷി ഓഫീസർ	14-03-2024	31-03-2024

ഡോ.ഷിബു.കെ.എസ്	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീമതി.സിബി എൽ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി.ജയശ്രീ എസ്	ഹെഡ്മിസ്ട്രസ്സ്	01-04-2023	02-08-2023
ശ്രീമതി.ഇന്ദുലേഖ.പി.എസ്	ഹെഡ്മിസ്ട്രസ്സ്	03-08-2023	31-03-2024
ശ്രീമതി.ജയശ്രീ എൽ	അസി. എൻജിനീയർ, LID & EW	01-04-2023	31-03-2024
ശ്രീ.പ്രവീൺ റ്റി ടി	വി.ഇ.ഒ സർക്കിൾ 1	01-04-2023	31-03-2024
ശ്രീ.പ്രവീൺ.പി	വി.ഇ.ഒ, സർക്കിൾ 2	01-04-2023	31-03-2024
ശ്രീ.പ്രശാന്ത്.എ.ജെ	അസി. സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി.മാളവിക.സി.എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	19-09-2023
ശ്രീമതി.മെർലിൻ മാത്യു	ഡയറി ഫാം ഇൻസ്ട്രക്ടർ	20-09-2023	31-03-2024
ഡോ. പാർവ്വതി	മെഡിക്കൽ ഓഫീസർ , ആയുർവ്വേദം	01-04-2023	31-03-2024
ഡോ.വി സജീവ്	മെഡിക്കൽ ഓഫീസർ ,	01-04-2023	31-03-2024

	ഹോമിയോ		
ഡോ.അനിൽകുമാർ	മെഡിക്കൽ ഓഫീസർ , സി.എച്ച്.സി	01-04-2023	02-07-2023
ഡോ.ശ്രീജ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	03-07-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	B-4 ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ ബാധ്യതകൾ- തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	വസ്തുനികുതി - സഞ്ചയയിലെയും, വാർഷിക കണക്കിലെയും കണക്കിൽ വ്യത്യാസം	1-1-2
4	ഫെസ്റ്റിവൽ അഡ്വാൻസ് കണക്കിൽ വ്യത്യാസം നിലനിൽക്കുന്നു	1-1-3
5	സി.എഫ്.സി (ടൈഡ് & അൺ ടൈഡ്)ഫണ്ടുകളുടെ ചെലവ് തുകകൾ - കണക്കിൽ കൃത്യതയില്ല	1-1-4
6	അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ ഡി.സി.ബി.എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല	1-1-5
7	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള സാമ്പത്തിക അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-6
8	സാനിട്ടേഷൻ - കണക്കിൽ കൃത്യതയില്ല	1-1-7

9	ICDS Central Share – B-4 , RP(40(b) പത്രികകൾ തമ്മിൽ പൊരുത്തമില്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം	1-3
12	ഫണ്ട് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	തൊഴിലുറപ്പ് പദ്ധതി	1-6
15	ക്ഷേമ പദ്ധതികൾ	1-7
16	ക്യാഷ് വെരിഫിക്കേഷൻ	1-8
17	ആഭ്യന്തര നിയന്ത്രണം	1-9
18	വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ	1-10
19	വസ്തുനികുതി പരിഷ്കരണം - പ്രാബല്യ തീയതിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നികുതി പരിഷ്കരിച്ചില്ല	1-11
20	വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല	1-12
21	ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് നിയമാനുസൃതമുള്ള നികുതി വർദ്ധന വരുത്തിയില്ല	1-13

22	വാണിജ്യ സ്ഥാപനത്തിന് പാർപ്പിടത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ചു	1-14
23	സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല 27,500 /- രൂപയുടെ വരുമാന നഷ്ടം	1-15
24	വിനോദനികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 9,28,841/- രൂപയുടെ നഷ്ടം	1-16
25	തൊഴിൽ നികുതി ഡിമാൻഡ് പൂർണ്ണമല്ല	1-17
26	ലൈസൻസ് പരിപാലനത്തിൽ കണ്ടെത്തിയ അപാകതകൾ	1-18
27	വാടക ഒടുക്കാതെ പഞ്ചായത്ത് കെട്ടിടത്തിൽ കെ.എസ്.ഇ.ബി. പ്രവർത്തിക്കുന്നു	1-19
28	പഞ്ചായത്ത് ഓഫീസിലെ ശുചിമുറിയിലേക്ക് വാങ്ങിയ ഇൻസിനറേറ്റർ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു	1-20
29	ദിശ തെറ്റിയ ദിശാ കിരണം	1-21
30	വളം സബ്സിഡി - നടപടിക്രമങ്ങൾ പാലിക്കുന്നില്ല	1-22
31	അഗതി ആശ്രയ അക്കൌണ്ടിൽ ലക്ഷങ്ങളുടെ നീക്കിയിരിപ്പ്	1-23
32	അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താതെ ബയോ കമ്പോസ്റ്റർ	1-24

	ബിന്നുകൾ വാങ്ങി -ക്രമ വിരുദ്ധമായ പദ്ധതി നിർവ്വഹണം	
33	വി ഇ ഒ കുടുംബശ്രീ ഓഫീസുകളുടെ നവീകരണം	1-25
34	ബഡ്സ് സ്കൂൾ – നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നില്ല	1-26
35	ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ മുൻകൂർ ക്രമീകരിച്ചില്ല	1-27
36	കേരളോത്സവം നടത്തിപ്പിൽ ക്രമ പ്രകാരമല്ലാത്ത ചെലവുകൾ	1-28
37	മുൻവർഷം വസ്തു നികുതി പിരിവ് കാര്യക്ഷമമായില്ല - വികസന ഫണ്ടിൽ(ജനറൽ) നിന്നും തുക വെട്ടിക്കുറച്ചു	1-29
38	കുടിവെള്ള വിതരണം നടപടി ക്രമങ്ങൾ പാലിച്ചില്ല	1-30
39	വില മുൻകൂറായി നൽകിയെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായില്ല	1-31
40	ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല	1-32
41	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല	1-33
42	ഭിന്നശേഷിക്കാർക്ക് ആനുകൂല്യം - UDID (Unique Disability Identity Card) ലഭ്യമാക്കിയിട്ടില്ല	1-34
43	ലൈഫ് ഭവന പദ്ധതി - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല	1-35
44	ഗ്രാമപഞ്ചായത്തിന് ലഭിച്ച ഫണ്ടിൽ 2.74 കോടി രൂപ പദ്ധതി	1-36

	നിർവ്വഹണത്തിലെ കാലതാമസം മൂലം ലാപ്സായി	
45	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ ഹരിത കർമ്മ സേനയിലൂടെ - അവലോകനം	1-37
	ഭാഗം **2**	
1	വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ	2-1
2	ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് നിയമാനുസൃതമുള്ള നികുതി വർദ്ധന വരുത്തിയില്ല	2-2
3	സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല 27,500/- രൂപയുടെ വരുമാന നഷ്ടം	2-3
4	വിനോദനികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 9,28,841/- രൂപയുടെ നഷ്ടം	2-4
	ഭാഗം **3**	
	--- No Records Found ---	
	ഭാഗം **4**	
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-2

3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം –1

പൊതു അവലോകനം

1–1–1 B–4 ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ ബാധ്യതകൾ– തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല

B–4 ഷെഡ്യൂളിലെ അദർ ലയബിലിറ്റീസ് ഇനത്തിലുള്ള 2964570 രൂപയുടെ ഇനം തിരിച്ചുള്ള കണക്കും തുകയുടെ കൃത്യതയും ഉറപ്പാക്കാനായിട്ടില്ല. ടി തുക മുൻ വർഷങ്ങളിൽ മുതൽ ലയബിലിറ്റിയായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ടി തുക ഏതിനത്തിലുള്ളതാണെന്നും ബാധ്യതയുടെ വിശദാംശങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

B–4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള Other Schemes (320100152) എന്ന ഹെഡിൽ 7602 രൂപയുടെ കൃത്യതയും ഏത് ആവശ്യത്തിനുള്ളതാണെന്നും വിശദീകരിക്കപ്പെട്ടിട്ടില്ല

B–4 ഷെഡ്യൂളിൽ Grant, Funds & Contributions For Special Purpose 320200399 എന്ന ഹെഡിൽ 86476/– രൂപ മുൻ വർഷം മുതൽ ലയബിലിറ്റിയായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ട്. തുകയുടെ കൃത്യതയും ഏത് ആവശ്യത്തിനുള്ളതാണെന്നും വിശദീകരിക്കപ്പെട്ടിട്ടില്ല

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 18-06-2024 ലെ 1(1) നമ്പർ കമ്മറ്റി തീരുമാനപ്രകാരം തയ്യാറാക്കി 20-06-2024 ൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം

സമർപ്പിക്കപ്പെട്ട പാലമേൽ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനയിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഭാഗമായി എനിക്ക് ലഭിച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക്

വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി **പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2023-24** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-2 വസ്തുനികുതി - സഞ്ചയയിലെയും, വാർഷിക കണക്കിലെയും കണക്കിൽ വ്യത്യാസം

വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയയിലെയും, വാർഷിക കണക്കിലെയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം	ഉപയോഗം	സഞ്ചയ പ്രകാരം	വാർഷിക കണക്ക് പ്രകാരം
ഡിമാന്റ്	പാർപ്പിടം വാണിജ്യം	3054854 2711510	3054854 2711510
കളക്ഷൻ	പാർപ്പിടം വാണിജ്യം	3043224 2670767	3039593 2659871
ബാലൻസ്	പാർപ്പിടം വാണിജ്യം	162 24513	162 25739

വസ്തുനികുതി സംബന്ധിച്ച കണക്കുകളിൽ ഡിമാന്റ് കൃത്യമാണെങ്കിലും കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല

1-1-3 ഫെസ്റ്റിവൽ അഡ്വാൻസ് കണക്കിൽ വ്യത്യാസം നിലനിൽക്കുന്നു

ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ B-18 ഷെഡ്യൂൾ പ്രകാരം ₹33,000/- രൂപ വർഷാന്ത്യം ലഭിക്കാൻ

അവശേഷിക്കുന്നതായി കാണുന്നു. ലെഡ്ജർ പരിശോധിച്ചതിൽ മുൻവർഷം ലഭിക്കാനുണ്ടായിരുന്ന ₹9,000/- രൂപയും ഇതിൽ ഉൾപ്പെടുന്നു. എന്നാൽ തൻവർഷത്തെ ₹24,000/- രൂപ മാത്രമാണ് വർഷാന്ത്യം ലഭിക്കാൻ അവശേഷിക്കുന്നതായി അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അപാകത വിശദീകരിക്കപ്പെട്ടിട്ടില്ല.

1-1-4 സി.എഫ്.സി (ടൈഡ് & അൺ ടൈഡ്)ഫണ്ടുകളുടെ ചെലവ് തുകകൾ - കണക്കിൽ കൃത്യതയില്ല

ഫണ്ടിനം	ചെലവ്		വ്യത്യാസം
	വാർഷിക ധനകാര്യ പത്രിക പ്രകാരം	സൂലേഖ പത്രിക പ്രകാരം	
സി.എഫ്.സി (ടൈഡ് & അൺ ടൈഡ്)	12018533	11975250	43283

വാർഷിക ധനകാര്യ പത്രികയേക്കാൾ ചെലവ് സുലേഖ പത്രികയിൽ കുറവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചെലവ് തുകയിൽ വ്യത്യാസം വരാനുണ്ടായ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

കൂടാതെ വാർഷിക ധനകാര്യപത്രിക B-4 ഷെഡ്യൂൾ പ്രകാരം സി.എഫ്.സി ഇനത്തിൽ (ടൈഡ്+അൺടൈഡ്) 31.3.2024 ലെ ബാലൻസ് 4087754/- രൂപയാണ്. എന്നാൽ റീകൺസിലേഷൻ പത്രിക, RP 40(b) എന്നിവ പ്രകാരം ഇതേ ദിവസത്തെ ബാലൻസ് 2899647/- രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

1-1-5 അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ ഡി.സി.ബി.എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല

അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ ഡി.സി.ബി.എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ ഈയിനത്തിലുള്ള തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

1-1-6 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള സാമ്പത്തിക അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, 2011 ചട്ടം 62(2) (എഫ്)-ൽ പ്രതിപാദിച്ചിട്ടുള്ള അടിസ്ഥാന സാമ്പത്തിക അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1-1-7 സാനിട്ടേഷൻ - കണക്കിൽ കൃത്യതയില്ല

ADCB Sanitation (62) എന്ന അക്കൗണ്ടിൽ RP 40(b) പ്രകാരം ബാലൻസ് 153010/- രൂപയാണ്. എന്നാൽ ഇതേ അക്കൗണ്ടിന്റെ റീകൺസിലേഷൻ പത്രിക പ്രകാരം ബാലൻസ് 0 ആണ്. വ്യത്യാസം

വിശദീകരിക്കപ്പെട്ടിട്ടില്ല.

1-1-8 ICDS Central Share – B-4 , RP(40(b) പത്രികകൾ തമ്മിൽ പൊരുത്തമില്ല

ICDS Central Share എന്ന അക്കൗണ്ടിൽ RP40(b) പ്രകാരം ബാലൻസ് 11106463/- രൂപയാണ്. എന്നാൽ ഇതേ അക്കൗണ്ടിന്റെ ACR, B-4 ഷെഡ്യൂൾ എന്നിവ പ്രകാരം ബാലൻസ് 2469219/- ആണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് (നം.7/3.12.2024, 23/5.12.2024) അപാകത ഭാവിയിൽ പരിഹരിക്കുമെന്ന് അറിയിച്ചു. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് 30.3.23 ലെ 1ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 9.02.2024 തീയതിയിലെ 1/1(2) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ഇനം	വരവ്	ചെലവ്
പുതുക്കിയ ബജറ്റ് പ്രകാരം	293431077	272424837

വാർഷിക കണക്ക് പ്രകാരം (ഇൻകം &എക്സ്പെന്റിച്ചർ)	174594234	203397997

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	52,197,941
വരവ്	93,220,900
ആകെ	145,418,841
ചെലവ്	100,398,006
നീക്കിയിരിപ്പ്	45,020,835

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻ വർഷ വരവ്	ആകെ	ചെലവ്(ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് ഉൾപ്പെടെ)	ലാപ്സ്/നീക്കിയിരുപ്പ്
വികസനഫണ്ട് പൊതുവിഭാഗം	0	23550000	23550000	17280182	6269818 (ലാപ്സ്)
വികസനഫണ്ട് എസ്.സി.പി.	0	14232000	14232000	11082171	3149829 (ലാപ്സ്)
വികസനഫണ്ട് ടി.എസ്.പി.	0	0	0	0	0
സംരക്ഷണഗ്രാന്റ് റോഡ്	0	20973350	20973350	4783305	16190045 (ലാപ്സ്)
സംരക്ഷണഗ്രാന്റ്	0	4974000	4974000	3218907	1755093

നോൺറോഡ്						(ലാപ്സ്)
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	ടൈഡ്	7742659	2924500	10667159	7455556	3211603 (ബാങ്ക്)
	അൺ ടൈഡ്	1316349	4122779 (പലിശ 222779 ഉൾപ്പെടെ)	5439128	4562977	876151 (ബാങ്ക്)

1-5 പദ്ധതി അവലോകനം

2023-24 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്(എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത്(എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത്(എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചത്-ശതമാനം
266	280171353	127	115342381	29	110	47.74

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	1787694	1159510	2947204	2929000	18204

ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്	0	69709230	69709230	69709230	0
മൂലധന ചെലവ്	0	3756770	3756770	3756770	0
ആകെ	1787694	74625510	76413204	76395000	18204

1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	32400	46
കർഷകതൊഴിലാളി പെൻഷൻ	670200	449
വിധവാപെൻഷൻ	2526000	1643
വാർദ്ധക്യകാലപെൻഷൻ	5332200	3854
വികലാംഗപെൻഷൻ	628400	399
അവിവാഹിതപെൻഷൻ	95000	60
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ	120000	4

ധനസഹായം		

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02/12/2024തീയതിയിൽ 3.02 Pm സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 44067/രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് താഴെചേർക്കുന്ന കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.

1.പഞ്ചായത്തിന്റെ പെർമിറ്റ് രജിസ്റ്റർ പ്രകാരം നിരവധി അപേക്ഷകൾ തീർപ്പാക്കാതെയും നടപടികൾ രേഖപ്പെടുത്താതെയും കാണുന്നു. രജിസ്റ്ററുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

2.അഡ്വാൻസ് രജിസ്റ്റർ പ്രകാരം വലിയ തുകകൾ നിലവിലും വിവിധ നിർവഹണ ഏജൻസികളിൽ നിക്ഷേപമായി തുടരുന്നു. നിക്ഷേപ പ്രവൃത്തികൾ കൃത്യമായി മോണിട്ടർ ചെയ്യപ്പെടുന്നില്ല.

3.ക്ലറിക്കൽ തസ്തികയിൽ ആവശ്യമായ ജീവനക്കാരുടെ കുറവ് പഞ്ചായത്തിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ നിലവിലുള്ള ഒഴിവ് നികത്തി പഞ്ചായത്തിന്റെ പ്രവർത്തനം സുഗമമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ മുൻകർ ക്രമീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-10 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

എ) വിസ്തീർണ്ണത്തിനനുസൃതമായ വസ്തുനികുതി നിർണ്ണയിച്ചില്ല

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ.യിലെ വസ്തുനികുതി പരിഷ്കരണ നിർദ്ദേശ പ്രകാരം 100 ച.മീറ്ററിൽ താഴെയുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 40/- രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളുടെ നികുതി ച.മീറ്ററിന് 50/- രൂപയുമായി നികുതി നിശ്ചയിച്ച് പാലമേൽ ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ താഴെപ്പറയുന്ന വാണിജ്യ കെട്ടിടത്തിന് 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുണ്ടെങ്കിലും 100 ച.മീറ്ററിൽ താഴെയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ച.മീറ്ററിന് 40/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. (ഒരാളുടെ ഉടമസ്ഥതയിൽ A, B.... എന്നിങ്ങനെ വിവിധ നമ്പർ നൽകിയവ ഒരേ കെട്ടിടത്തിന്റെ തന്നെ ഭാഗമായ വ്യത്യസ്ത മുറികളാണ്) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഉടമസ്ഥന്റെ പേര്	വാർഡ്, കെട്ടിടനം.	വിസ്തീർണ്ണം (ച.മീ.)	ചുമത്തിയ നികുതി @40+20% (വഴി)-10%(മേഖല)	ചുമത്തേണ്ട നികുതി (@50+20% (വഴി)-10%(മേഖല)	നികുതി ഇനത്തിലെ ആകെ കുറവ്
ശിവശങ്കരക്കുറുപ്പ്/ഗിരിജ	12/636 B	9.64	424	530	106
	12/636	19.88	875	1093	218

	C				
	12/636 D	50.33	2215	2768	553
	12/636 E	9.64	424	530	106
	12/636 F	21.77	958	1197	239
	12/636 G	51.13	2249	2812	563
	ആകെ	**162.39**	**7145**	**8930**	**1785/-**
ലക്ഷ്മി.എസ്	19/12 B	25.85	1137	1422	285
	19/12 C	29.16	1283	1604	321
	19/12 D	28.33	1247	1558	311
	19/12 E	25.85	1137	1422	285
	19/12 F	29.16	1283	1604	321
	19/12 G	28.33	1247	1558	311
	ആകെ	**166.68**	7334	9168	**1834/-**

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്

(നം.17/5.12.2024) മറുപടി ലഭ്യമാക്കിയില്ല. സ്ഥല പരിശോധന നടത്തി നികുതി പുനർനിർണ്ണയിച്ച് അറിയിക്കാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

ബി) മേൽത്തരം തറ നിർമ്മിതിയ്ക്ക് ബാധകമായ നികുതി വർദ്ധനവ് വരുത്തിയില്ല

250 ച.മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള മേൽത്തരം തറനിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയുടെ 15% വർദ്ധനവ് വരുത്തേണ്ടതുണ്ട്. ഒന്നാം വാർഡിൽ ഒരാളുടെ ഉടമസ്ഥയിലുള്ളതും വിഭജിച്ച് വിവിധ നമ്പർ നൽകിയതുമായ ഒരു ഷോപ്പിംഗ് കോംപ്ലക്സിൽ ബേബി ഹഗ്, ജിംനേഷ്യം തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായും മേൽത്തരം തറനിർമ്മിതിയുള്ളതായും ഓഡിറ്റ് വേളയിൽ നടത്തിയ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടി ഷോപ്പിംഗ് കോംപ്ലക്സിന് ഇപ്രകാരമുള്ള നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല.

ഉടമസ്ഥന്റെ പേര്	വാർഡ്, കെട്ടിട നം.	വിസ്തീർണ്ണം (ച.മീ.)	ചുമത്തിയ നികുതി @90+20%(വഴി)	ചുമത്തേണ്ട നികുതി (@90+20% (വഴി)+15% (മേൽത്തരം തറനിർമ്മിതി)	നികുതി ഈടാക്കിയതിലെ ആകെ കുറവ്
വൃന്ദ.എസ്	1/128 G	128.95	13927	15667	1740
	1/128 H	135.25	14607	16433	1826
	1/128 I	57.77	6239	7019	780

1/128 J	95.83	10350	11643	1293
1/128 K	132.52	13597*	15297*	1700
1/128 L	150.6	15452*	17383*	1931
1/128 M	70.06	7188*	8087*	899
1/128 N	97.61	10015*	11267*	1252
ആകെ	**868.59**	**91375**	**102796**	**11421/-**

*ബഹുനില നിർമ്മിതിയ്ക്കുള്ള 5% ഇളവ് കുറവ് ചെയ്തത്.

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/5.12.2024) മറുപടി ലഭ്യമാക്കിയില്ല. സ്ഥല പരിശോധന നടത്തി നികുതി പുനർനിർണ്ണയിച്ച് അറിയിക്കാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

1-11 വസ്തുനികുതി പരിഷ്കരണം – പ്രാബല്യ തീയതിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നികുതി പരിഷ്കരിച്ചില്ല

സ.ഉ (കൈ) 77/2023/തസ്വഭവ തീയതി. 22-03-2023, സ.ഉ (അ) 25/2023/തസ്വഭവ തീയതി. 05-04-2023, പാലമേൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11-07-2023 ലെ 3(1) തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ 2023-24 വർഷം അസ്സസ്സ് ചെയ്യുന്ന കെട്ടിടങ്ങൾക്ക് 1.04.2023 മുതൽ മുൻകാല പ്രാബല്യത്തോടെ പരിഷ്കരിച്ച നിരക്ക് ബാധകമാണ്. എന്നാൽ സഞ്ചയയിലെ സപ്ലിമെന്ററി അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 1.04.2023 ന് ശേഷം അസ്സസ്സ് ചെയ്ത കെട്ടിടങ്ങൾക്ക്

പരിഷ്കരിച്ച നിരക്കിലുള്ള വസ്തു നികുതി ചുമത്തിയതായി കാണുന്നില്ല. ഇത് മൂലം വസ്തുനികുതി ഡിമാന്റിൽ കുറവ് വരികയും വരുമാന ചോർച്ച സംഭവിക്കുകയും ചെയ്തു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ	കെട്ടിടത്തിന്റെ വിസ്തൃതി (ച.മീ), ഉപയോഗം	ചുമത്തിയ നികുതി നിരക്ക് (/ച.മീ.)	ചുമത്തേണ്ട നികുതി നിരക്ക് (/ച.മീ.)
1/601 A	119.84, പാർപ്പിടം	6	8
1/438 A	121.88, പാർപ്പിടം	6	8
1/541 B	237.75, വാണിജ്യം (100ച.മീറ്ററിന് മുകളിൽ)	50	70
1/499 A	58.9, വാണിജ്യം (100ച.മീറ്ററിൽ താഴെ)	40	50
4/86 A	202.38, പാർപ്പിടം	6	8
4/14 B	200.74, പാർപ്പിടം	6	8
10/503 B	195.79, പാർപ്പിടം	6	8
12/91 B	63.56, പാർപ്പിടം	6	8
12/267 A	297.5 , പാർപ്പിടം	6	8
19/684 C	126.31, പാർപ്പിടം	6	8

മേൽപ്പറഞ്ഞ കെട്ടിടങ്ങൾ കൂടാതെ നിരവധി പാർപ്പിടാവശ്യ, വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ഇപ്രകാരം 1.04.2023 മുതൽ മുൻകാല പ്രാബല്യത്തിൽ പുന:നിർണ്ണയിക്കപ്പെടാതെ 2024-25 ലും തുടരുന്നുണ്ട്. ആയത് യഥാസമയം സഞ്ചയയിൽ പരിഷ്കരിക്കാതിരുന്നത് മൂലം അരിയർ ഉൾപ്പെടെ നഷ്ടപ്പെടാനുള്ള സാഹചര്യം നിലനിൽക്കുന്നു. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/16.10.2024) മറുപടി ലഭ്യമാക്കിയില്ല. സഞ്ചയ സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റം വരുത്തി 1.04.2023 ന് ശേഷം പണി പൂർത്തിയാക്കിയതും കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതുമായ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിച്ച് കുടിശ്ശിക സഹിതം പിരിച്ചെടുക്കേണ്ടതാണ്.

1-12 വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല

സ.ഉ (കൈ) 77/2023/തസ്വഭവ തീയതി. 22-03-2023, സ.ഉ (ആ) 25/2023/തസ്വഭവ തീയതി. 05-04-2023 എന്നിവയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ വാർഡ് തല സർവെ നടത്തി നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള നിർവഹണ ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ തെരഞ്ഞെടുക്കുകയുണ്ടായി. പഞ്ചായത്ത് പരിധിയിൽ ആകെ 19 വാർഡ് ഉള്ളതിൽ 1 മുതൽ വാർഡ് 7 വരെയുള്ള വാർഡുകളിലെ സർവെ നടപടികൾ ഇതിനോടകം പൂർത്തിയാക്കുകയും 'ദൃഷ്ടി' പോർട്ടൽ മുഖേന പരിശോധനാ റിപ്പോർട്ട് പഞ്ചായത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിൽ കുടുംബത്തിലെ സമഗ്ര വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ടിൽ വിട്ടുപോയ കെട്ടിടങ്ങളെ കണ്ടെത്തി അവയെ കൂടി ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ച് വെരിഫൈ ചെയ്യുന്ന ഘട്ടത്തിലാണ് ഇപ്പോൾ ഉള്ളത്. ബാക്കിയുള്ള വാർഡുകളിലെ സർവെ നടപടികൾ പുരോഗമിക്കുന്നു. അടിയന്തിരമായി സർവെ നടപടികൾ പൂർത്തിയാക്കി വസ്തുനികുതി പരിഷ്കരണം മുൻകാല പ്രാബല്യത്തോടെ നടപ്പാക്കേണ്ടതാണ്. വിഷയത്തിൽ പഞ്ചായത്ത് ഭരണ

സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-13 ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് നിയമാനുസൃതമുള്ള നികുതി വർദ്ധന വരുത്തിയില്ല

(എ) കേന്ദ്രീകൃത ശീതീകരണ സംവിധാനമുള്ള ഷോപ്പിംഗ് കോംപ്ലക്സിന് നികുതി വർദ്ധനവ് വരുത്തിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം കേന്ദ്രീകൃത ശീതീകരണ സംവിധാനമുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ 10% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ 1-ാം വാർഡിൽ പാറ ജംഗ്ഷന് സമീപം സ്ഥിതി ചെയ്യുന്ന 1282.52 ച.മീറ്റർ വിസ്തീർണ്ണമുള്ള 'ടെൻഡ്സ്' എന്ന സ്ഥാപനം പ്രവർത്തിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിൽ (I/2B) കേന്ദ്രീകൃത ശീതീകരണ സംവിധാനം ഉള്ളതായി ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടെങ്കിലും ആയതിന് ബാധകമായ 10% നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഉടമസ്ഥന്റെ പേര്	വാർഡ്, കെട്ടിടനം.	വിസ്തീർണ്ണം (ച.മീ.)	ചുമത്തിയ നികുതി(@90+വഴി-20%,+തറ നിർമ്മിതി - 15%)	ചുമത്തേണ്ട നികുതി (@90+വഴി-20%+തറ നിർമ്മിതി - 15%+ശീതീകരണം-10%)	നികുതിയിലുണ്ടായ കുറവ്
ഉത്തമൻ, മോഹനൻ	1/ 2 B	1282.52	155826	167369	11543
	ആകെ	**1282.52**	**155826**	**167369**	**11543/-**

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/5.12.2024) മറുപടി ലഭ്യമാക്കിയില്ല. സ്ഥല പരിശോധന നടത്തി നികുതി പുനർനിർണ്ണയിച്ച് അറിയിക്കാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

ബി) മേൽത്തരം തറ നിർമ്മിതിയ്ക്കും കേന്ദ്രീകൃത ശീതീകരണ സംവിധാനത്തിനും ബാധകമായ വർദ്ധനവ് വരുത്തിയില്ല

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ ത.സ്വ.ഭ.വ.യിലെ വസ്തുനികുതി പരിഷ്കരണ നിർദ്ദേശ പ്രകാരം 250 ച.മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള മേൽത്തരം തറനിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയുടെ 15% വർദ്ധനവ് വരുത്തേണ്ടതുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം കേന്ദ്രീകൃത ശീതീകരണ സംവിധാനമുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ 10% വർദ്ധനവ് വരുത്തേണ്ടതുണ്ട്. താഴെപ്പറയുന്ന ഒരാളുടെ ഉടമസ്ഥയിലുള്ളതും വിഭജിച്ച് വിവിധ നമ്പർ നൽകിയതും എസ്.ബി.ഐ ന്യൂനാട് ശാഖ പ്രവർത്തിക്കുന്നതുമായ ഷോപ്പിംഗ് കോംപ്ലക്സിന് മേൽത്തരം തറനിർമ്മിതിയും കേന്ദ്രീകൃത ശീതീകരണ സംവിധാനവും ഉള്ളതായി ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ടി കെട്ടിടത്തിന് നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല.

ഉടമസ്ഥന്റെ പേര്	വാർഡ്, കെട്ടിട നം.	വിസ്തീർണ്ണം (ച.മീ.)	അടിസ്ഥാന നികുതി	ചുമത്തിയ നികുതി @50+20%(വഴി)	ചുമത്തേണ്ട നികുതി (@50+20% (വഴി)+15%	നികുതി ഈടാക്കിയതിലെ ആകെ

					(മേൽത്തരം തറനിർമ്മിതി)+10% (ശീതീകരണം)	കുറവ്
വിഷ്ണു.ബി.ഗുപ്തൻ	1/541 A	52.18	2609	3131	3783	652
	1/541 B	237.75	11887.5	14265	17237	2972
	1/541 C	63.98	3199	3839	4639	800
	1/541 D	173.91	8695.5	10435	12608	2173
	1/541 E	249.54	12477	14224*	*17187	2963
	1/541 F	63.98	3199	3647*	4407*	760
	ആകെ	**841.34**		**49541**	**59861**	**10320/-**

*ബഹുനില നിർമ്മിതിയ്ക്കുള്ള 5% ഇളവ് കുറവ് ചെയ്തത്.

(പ്രാബല്യം - 2023 ആദ്യ പകുതി മുതൽ)

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.30/6.12.2024) മറുപടി ഹാജരാക്കിയില്ല. വസ്തുനികുതി പുന:പരിശോധിച്ച് അർഹമായ നികുതി വർദ്ധനവ് വരുത്തി അറിയിക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

1-14 വാണിജ്യ സ്ഥാപനത്തിന് പാർപ്പിടത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ചു

പന്ത്രണ്ടാം വാർഡിൽ പ്രവർത്തിക്കുന്ന ഗ്രേസ് ഫ്യുവൽസ് എന്ന പെട്രോൾ പമ്പിന്റെ കെട്ടിട നമ്പർ 12/150

എന്നാണ് ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയ പരിശോധനയിൽ ഇതേ കെട്ടിടത്തിന്റെ (വിസ്തീർണ്ണം - 90 ച.മീ.)വസ്തുനികുതി വാണിജ്യനിരക്കിന് പകരം പാർപ്പിടത്തിന് ബാധകമായ നിരക്കിലാണ് നിർണ്ണയിച്ചതായി കാണുന്നത്. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/5.12.2024) മറുപടി ലഭ്യമാക്കിയില്ല. കെട്ടിടം ഭൗതിക പരിശോധന നടത്തി ആവശ്യമെങ്കിൽ നികുതി പുനർനിർണ്ണയം നടത്തി അറിയിക്കേണ്ടതാണ്.

1-15 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല 27,500 /- രൂപയുടെ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ,കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ,സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ,മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2023-24ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2023-24വർഷത്തെ സ്ഥാപന തൊഴിൽനികുതി ഒടുക്കിയിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേക്ഷണത്തിന് (നം. 1/02.12.2024,10/20.11.24) മറുപടി ലഭ്യമാക്കിയില്ല.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ വിശദാംശം	അർദ്ധവർഷം	ഈടാക്കേണ്ട സ്ഥാപന തൊഴിൽനികുതി

1	മുത്തൂറ്റ് ഫിൻ കോർപ്പ്, ന്യൂനാട്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
2	മുത്തൂറ്റ് ഫിൻ കോർപ്പ്, കുടശനാട്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
3	കൊപ്പാറയിൽ ഫൈനാൻസിയേഴ്സ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
4	പാർവണേന്ദു ഫൈനാൻസിയേഴ്സ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
5	സംഗമം ഫൈനാൻസിയേഴ്സ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
6	എൻ.സി.എസ് ഫൈനാൻസിയേഴ്സ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
7	കേച്ചേരി ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
8	ഇടവന ഫിനാൻസ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
9	റോയൽ ഫിനാൻസിയേഴ്സ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500

10	ഗീതം ഫിനാൻസിയേഴ്സ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
11	പൂവംപള്ളിൽ ഫിനാൻസിയേഴ്സ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
ആകെ			27,500 /-

ഈടാക്കാനവശേഷിക്കുന്ന സ്ഥാപന തൊഴിൽ നികുതിയായ 27,500 /- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.ഗ്രാമപഞ്ചായത്തിന് അർഹമായ നികുതികൾ ഡിമാൻഡ് ചെയ്തീടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്ഥിരം സമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.

1-16 വിനോദനികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 9,28,841/- രൂപയുടെ നഷ്ടം

പാലമേൽ ഗ്രാമ പഞ്ചായത്തിൽ സ്വാതി എന്ന സിനിമ തിയറ്റർ പ്രവർത്തിച്ചു വരുന്നുണ്ട്.1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200 പ്രകാരം വിനോദ നികുതി പിരിച്ചെടുക്കേണ്ട ഉത്തരവാദിത്വം പഞ്ചായത്തിൽ നിക്ഷിപ്തമാണ്. ചരക്ക് സേവനനികുതി (ജി.എസ്.റ്റി) ഏർപ്പെടുത്തിയ ശേഷം തീയേറ്റർ ഉടമകൾ ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി 16-11-2019 മുതൽ വിനോദനികുതി കേരള ഫിനാൻസ് ആക്ട് 2019 പ്രകാരം ഒടുക്കേണ്ടതായിട്ടുണ്ട്. സ.ഉ(കൈ)112/2019 /ത.സ്വ.ഭ.വ./ 31-08-2019 പ്രകാരം നൂറ് രൂപയിൽ കുറവ് വിലയുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവും 100/- രൂപയ്ക്ക് മുകളിൽ വിലയുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവുമാണ് ഈടാക്കേണ്ട വിനോദനികുതി നിരക്ക്. ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം

തീയതിക്കുള്ളിലാണ് വിനോദനികുതി ഒടുക്കേണ്ടത് .

വിനോദ നികുതി സംബന്ധിച്ച ലെഡ്ജറും ബാങ്ക് സ്റ്റേറ്റുമെന്റുകളും പരിശോധിച്ചതിൽ പാലമേൽ ഗ്രാമപഞ്ചായത്തിലെ സ്വാതി തീയേറ്ററിൽ നിന്നും 2023-24 സാമ്പത്തിക വർഷം 15,61,438/- രൂപ തീയേറ്റർ ഉടമ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് സാമ്പത്തിക വർഷം ലഭ്യമായ വിനോദനികുതിയുടെ വിവരം ചുവടെ പട്ടിക -1 ൽ ചേർക്കുന്നു.

പട്ടിക -1

തീയതി	കോഡ്	രസീത് നം.	തുക
22-05-2023	450210102	1230100521	56,887
05-06-2023	450210102	1230100690	2,37,468
31-03-2024	450210101	1230000358	11,60,946
31-03-2024	450210101	1230000362	1,06,137
ആകെ			15,61,438 /-

വിനോദനികുതിയുടെ വിവരങ്ങൾ ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (നം-6/2.12.24) 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റ് മാത്രമേ വിൽക്കുന്നുള്ളൂ എന്നും ആയത്പ്രകാരം മാർച്ച് 2023 മുതൽ തീയേറ്റർ ഉടമ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുകൾ സഹിതം വിശദീകരണം (കത്ത് നം.എസ്.സി2-5698/2024) നൽകി. 2023-24 സാമ്പത്തിക വർഷം മാർച്ച് 2023 മുതൽ ഫെബ്രുവരി 2024 വരെയുള്ള മാസങ്ങളിലെ വിനോദ നികുതി തീയേറ്റർ ഉടമ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടെങ്കിലും സർക്കാർ ഉത്തരവ് പ്രകാരം 8.5 ശതമാനം വിനോദ നികുതി ഒടുക്കണമെന്നിരിക്കെ 8.5 ശതമാനത്തിലും കുറഞ്ഞ തുകയാണ് ഒടുക്കിയത്. കൂടാതെ ഒടുക്കിയ നികുതി നിർദ്ദിഷ്ട തീയതിക്ക് ശേഷമാണ് ഒടുക്കിയതെന്നും കാണുന്നു.

തീയേറ്റർ ഉടമയിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുകൾ പ്രകാരം 2023-24 സാമ്പത്തിക വർഷം ചുവടെ ചേർക്കും പ്രകാരം 24,59,051/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതാണ്.ചുവടെ ചേർത്തിട്ടുള്ള പട്ടിക 2 -ൽ വിനോദ നികുതി ഈടാക്കിയതിലെ കുറവ് വിശദമാക്കുന്നു.

പട്ടിക -2

ക്രമ നം.	മാസം	ഉടമ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അടിസ്ഥാന തുക(നെറ്റ് പ്രൈസ്)	ഉടമ പഞ്ചായത്തിൽ ഈടാക്കിയ വിനോദ നികുതി	ഈടാക്കേണ്ടിയിരുന്ന വിനോദ നികുതി @ 8.5% (ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള(നം-6/2.12.24) മറുപടിയിൽ 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റ് മാത്രമേ വില്ക്കുന്നുള്ളൂ എന്ന് പറയുന്നു)	വിനോദ നികുതി ഈടാക്കിയതിലെ കുറവ്
1	മാർച്ച് 2023	6,63,520.35	33197.43	56,399.23	23201.8
2	എപ്രിൽ 2023	11,37,003.24	56,887.56	96,645.25	39757.69
3	മെയ് 2023	47,45,978.08	2,37,468	4,03,408.13	165940.13
4	ജൂൺ 2023	9,62,748.22	48168.3	81,833.59	33665.29
5	ജൂലൈ 2023	11,58,602.23	57969.39	98,481.19	40511.8

6	ആഗസ്റ്റ് 2023	39,25,188.69	196398.33	3,33,641	137242.67
7	സെപ്റ്റംബർ 2023	27,38,922.69	137042.73	2,32,808.43	95765.7
8	ഒക്ടോബർ 2023	34,67,093.99	173477.79	2,94,702.99	121225.2
9	നവംബർ 2023	19,10,190.71	95572.59	1,62,366.21	66793.62
10	ഡിസംബർ 2023	26,03,552.24	130269.36	2,21,301.94	91032.58
11	ജനുവരി 2024	22,20,378.44	111093.48	1,88,732.16	77638.68
12	ഫെബ്രുവരി 2024	33,96,831.86	283893.48	2,88,730.71	4837.23
ആകെ		2,89,30,010.74/-	15,61,438/-	24,59,051/-	8,97,612/-

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 ഇ പ്രകാരം (28-03-2023 ലെ നമ്പർ 15(2) ലെഗ്.എ2/2023 /നിയമം വിജ്ഞാപന പ്രകാരം) ഗ്രാമപഞ്ചായത്തിന് നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്തപക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട്

ശതമാനം നിരക്കിലുള്ള പലിശ വസൂലാക്കേണ്ടതാണ്.പട്ടിക -3 പ്രകരം ഒടുക്കിയ നികുതി തുകയെല്ലാം തൊട്ടടുത്ത മാസം 3 ന് ശേഷമാണ് ഒടുക്കിയതെങ്കിലും പിഴപലിശ ഈടാക്കാത്തതു വിശദീകരിക്കുന്നു.

പട്ടിക -3

ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വിനോദ നികുതി പഞ്ചായത്തിൽ ഒടുക്കിയ തീയതി	മാസം	ഉടമ പഞ്ചായത്തിൽ ഒടുക്കിയ വിനോദ നികുതി	പിഴ പലിശ ഒടുക്കേണ്ട മാസങ്ങൾ	പിഴ പലിശ
26-04-23	മാർച്ച് 2023	33197.43	1	663.94
22-05-2023	എപ്രിൽ 2023	56,887.56	1	1137.75
05-06-2023	മെയ് 2023	2,37,468	1	4749.36
24-07-2023	ജൂൺ 2023	48168.3	1	963.36
24-08-2023	ജൂലൈ 2023	57969.39	1	1159.39
20-09-2023	ആഗസ്റ്റ് 2023	196398.33	1	3927.97
12-10-2023	സെപ്റ്റംബർ 2023	137042.73	1	2740.85
23-11-2023	ഒക്ടോബർ 2023	173477.79	1	3469.56
26-12-2023	നവംബർ 2023	95572.59	1	1911.45

30-01-2024	ഡിസംബർ 2023	130269.36	1	2605.39
23-02-2024	ജനുവരി 2024	111093.48	1	2221.87
25-03-2024	ഫെബ്രുവരി 2024	283898.48	1	5677.97
ആകെ				31,229/-

പട്ടിക 2,3 എന്നിവ പ്രകാരം വിനോദനികുതിയിൽ ഈടാക്കേണ്ടിയിരുന്ന തുക പിഴ പലിശ ഉൾപ്പടെ 24,90,280/- രൂപ (24,59,051/- + 31,229/-) ആയിരുന്നു.

തീയറ്റർ ഉടമ എല്ലാ മാസവും നികുതി പഞ്ചായത്തിൽ E-പെയ്മെന്റായി ഒടുക്കുന്നുണ്ടെങ്കിലും ഇവയുടെ രേഖപ്പെടുത്തൽ ഇല്ലാത്തതും ആയതിന്റെ നിരീക്ഷിണം നടത്താതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/06.12.24) നികുതിയിൽ വന്ന വ്യത്യാസത്തെക്കുറിച്ച് അറിവില്ലായിരുന്നുവെന്നും തുക ഇനി ഈടാക്കാൻ സാധ്യമല്ലായെന്നും മറുപടി ലഭ്യമാക്കി. പരാമർശിച്ചിരിക്കുന്ന ഉത്തരവ് 2019-ൽ പുറപ്പെടുവച്ചിരിക്കെ 2023-24 വർഷവും നികുതിയെക്കുറിച്ച് അറിവില്ലായെന്ന പറയുന്നതു അംഗീകരിക്കാൻ കഴിയുകയില്ല. 150/-, 250/- രൂപ നിരക്കിൽ ടിക്കറ്റ് വിറ്റിട്ടും ഇനി ഈടാക്കാൻ സാധ്യമല്ലായെന്ന പറയുന്നതു യുക്തിസഹമല്ല.

ആയതിനാൽ വിനോദനികുതിയിൽ കുറവു വന്ന തുക 9,28,841/- രൂപ (8,97,612/- + 31,229/-) പിഴ പലിശ ഉൾപ്പടെ ബന്ധപ്പെട്ട തീയേറ്റർ ഉടമയിൽ നിന്ന് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നികുതി ഇനത്തിൽ കുറവു വന്ന തുക ഈടാക്കാത്ത പക്ഷം ബന്ധപ്പെട്ട സെക്രട്ടറിമാരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതായിരിക്കും.

1-17 തൊഴിൽ നികുതി ഡിമാൻഡ് പൂർണ്ണമല്ല

1994 ലെ കേരള പഞ്ചയത്ത് രാജ് നിയമം വകുപ്പ് 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അമ്പത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല. ചുവടെ ചേർക്കുന്ന വിഭാഗങ്ങൾ തൊഴിൽ നികുതി പിരിവിൽ ഉൾപ്പെടുന്നില്ല.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ വിശദാംശം
1	സ്വാതി സിനിമാസ്
2	എവിഎം ആഡിറ്റോറിയം
3	ആദിക്കാട്ടുകുളങ്ങര സ്പെയർ പാർട്സ്
4	പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾ
5	പഞ്ചായത്ത് പരിധിയിലെ അക്ഷയ സെന്ററുകൾ
6	മിറാക്കിൾ ഗാർഡൻസ് ആന്റ് പോട്ട്സ്

7	ദർശന ഓഫ് സെറ്റ് പ്രസ്
8	19/372,73 ശശിധരൻ ആർ.
9	ആസ്പയർ പി.എസ്.സി കോച്ചിംഗ് സെന്റർ
10	എൻട്രൻസ് അക്കാഡമി
11	സിഗ്മ സെന്റർ ഫോർ ഹൈയർ എഡ്യുക്കേഷൻ
12	എമിനന്റ് അക്കാഡമി
13	കേണൽസ് അക്കാഡമി
14	ബ്രൈറ്റ് അക്കാഡമി
15	ഹുദ മെഡിക്കൽ സെന്റർ, ആദിക്കാട്ടുകുളങ്ങര
16	എം.ജി.എൻ.ആർ.ഇ.ജി.എസ്.പാലമേൽ, രണ്ടാം അർദ്ധവർഷം
17	ശ്രീ.ശബരി സെൻട്രൽ സ്കൂൾ, രണ്ടാം അർദ്ധവർഷം
18	ഹരിശ്രീ ഇംഗ്ലീഷ് മീഡിയം സ്കൂൾ
19	ശിവപദ് സ്ക്രീൻ ഓഫ് പെർഫോമിംഗ് ആർട്ട്

മേൽ വ്യക്തികൾ/സ്ഥാപനങ്ങൾ 2023-24 വർഷത്തെ തൊഴിൽനികുതി ഒടുക്കിയിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-10/20.11.24) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

തൊഴിൽ നികുതി വരുമാനത്തിന്റെ മുഴുവൻ സാധ്യതകളും കണ്ടെത്തി യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-18 ലൈസൻസ് പരിപാലനത്തിൽ കണ്ടെത്തിയ അപാകതകൾ

ലൈസൻസ് പരിപാലനത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ)കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യാപാരങ്ങളോ വ്യവസായങ്ങളോ സംരംഭങ്ങളോ പഞ്ചായത്തിന്റെ പ്രവർത്തന അനുമതി കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ 2023-24 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചത് പ്രകാരം ലൈസൻസ് എടുക്കാതെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ വിശദാംശം
1	പാലമേൽ KUCS
2	തത്തമുന KUCS
3	എരുമക്കുഴി KUCS
4	കുടശനാട് KUCS
5	ഉളവുനാട് KUCS

6	പയ്യനെല്ലൂർ KUCS
7	ആദിക്കാട്ടുകുളങ്ങര സ്പെയർപാർട്സ്
8	മിറാക്കിൾ ഗാർഡൻ ആന്റ് പോട്ട്സ്
9	പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾ
10	പഞ്ചായത്ത് പരിധിയിലെ അക്ഷയ സെന്ററുകൾ
11	ഹുദ മെഡിക്കൽ സെന്റർ, ആദിക്കാട്ടുകുളങ്ങര
12	ദർശന ഓഫ് സെറ്റ് പ്രസ്
13	19/372,73 ശശിധരൻ.ആർ
14	ആസ്പയർ പി.എസ്.സി കോച്ചിംഗ് സെന്റർ
15	എൻട്രൻസ് അക്കാഡമി
16	സിഗ്മ സെന്റർ ഫോർ ഹൈയർ എഡ്യുക്കേഷൻ
17	എമിനന്റ് അക്കാഡമി
18	കേണൽസ് അക്കാഡമി

19	ബ്രൈറ്റ് അക്കാഡമി

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വഷണത്തിന്(നം-11/03.12.24) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ പഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.പഞ്ചായത്ത് പ്രദേശത്ത് യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന് പകരം പഞ്ചായത്തിൽ ലൈസൻസിനായി അപേക്ഷ നൽകിയിട്ടുള്ള സ്ഥാപനങ്ങളെ മാത്രം ഉൾപ്പെടുത്തി നിലവിൽ സൂക്ഷിച്ചിരിക്കുന്നു. തൻമൂലം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന കാര്യത്തിൽ വ്യക്തതയില്ല. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിയ്ക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

ബി)പരിശോധനയ്ക്ക് ലഭ്യമാക്കിയ 2023-24 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നു ലൈസൻസ് നേടിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങൾ 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ)ചട്ടങ്ങളിലെ ചട്ടം-3 പ്രകാരമുള്ള രജിസ്ട്രേഷൻ നടത്തിയതായുള്ള രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

ക്രമ നം	സ്ഥാപനത്തിന്റെ വിശദാംശം
1	ഖാദരിയ മെഡിക്കൽ ലാബ്
2	ലൈഫ് കെയർ ഡയഗണോസ്റ്റിക്ക് സെന്റർ ,19/741
3	മംഗലത്ത് ദന്തൽ ക്ലീനിക്ക്,1/459എ

4	മെഡിടെക്ക് ഡയഗണോസ്റ്റിക് സെന്റർ,10/546
5	വിഷ്ണുമായ ഹോസ്പിറ്റൽ,1/538
6	കെയർ ദന്തൽ ക്ലീനിക്ക്,10/582
7	വീകെയർ ദന്തൽ കെയർ
8	ഡോക്ടേഴ്സ് ദന്തൽ ക്ലിനിക്ക്
9	ഡിഡിആർസി
10	ഷേർപ്പ സിദ്ധ ആയുർവേദ ഹെൽത്ത് കെയർ സെന്റർ, 12/683
11	മൈക്രോ ലാബോറട്ടറീസ്, 19/757ഡി, 19/757ഇ
12	രാജിത്ത് എ, 12/750
13	സ്മിത ക്ലീനിക്ക്, 11/128/229
14	ജീവൻ ജ്യോതി ഹോമിയൊ ക്ലീനിക്ക്, 19/926
15	ഹൃദ മെഡിക്കൽ സെന്റർ,ആദികുളങ്ങര

മേൽ പരാമർശിച്ച സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിക്കുന്ന വിവരങ്ങൾ ഹാജരാക്കാൻ നൽകിയ ഓഡിറ്റ് അന്വഷണത്തിന്(നം-11/03.12.24) മറുപടി ലഭ്യമാക്കിയില്ല.

സി)കേരള സിനിമാസ്(റെഗുലേഷൻ) ആക്ട് 1958 ചട്ടം 3,4 പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സിനിമ ശാലകളും ആയത് പ്രവർത്തിക്കുന്ന പഞ്ചായത്തിൽ നിന്നുമുള്ള ലൈസൻസ് നേടേണ്ടതായിട്ടുണ്ട്. എന്നാൽ സ്വാതി സിനിമാസ് മേൽ പരാമർശിച്ചിരിക്കുന്ന ചട്ടങ്ങൾ പ്രകാരം ലൈസൻസ് നേടിയതായി കാണുന്നില്ല. ഇതു സംബന്ധച്ചു നൽകിയ ഓഡിറ്റ് അന്വഷണത്തിന്(നം-11/03.12.24) മറുപടി ലഭ്യമാക്കിയില്ല.

2023-24 വർഷത്തിൽ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, ഐ.എൽ.ജി.എം.എസിൽ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം നിക്ഷേപം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് ക്രമ പ്രകാരമാണോയെന്ന് വിലയിരുത്തുന്നതിന് സാധിച്ചിട്ടില്ല. മാത്രമല്ല വിവിധ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നിരാക്ഷേപ സാക്ഷ്യപത്രങ്ങളുടെ എല്ലാ പേജുകളും പൂർണമായി അപ്പ് ലോഡ് ചെയ്യുന്നില്ല. സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ മിക്ക ലൈസൻസ് അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഓഫ് ലൈനായി സ്വീകരിക്കുന്ന അപേക്ഷകൾ ക്രമമായി രജിസ്റ്റർ പ്രകാരം ഫയലിൽ സൂക്ഷിക്കാവുന്നതാണ്.
പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുകയും

ചെയ്യേണ്ടതാണ്. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അതോടൊപ്പം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും മേൽ പരാമർശിച്ചിരിക്കുന്ന ചട്ടങ്ങൾ പ്രകാരം പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോ എന്നും ഉറപ്പാക്കേണ്ടതും രജിസ്ട്രേഷൻ അതാത് വർഷങ്ങളിൽ പുതുക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കേണ്ടതുമാണ്.

1-19 വാടക ഒടുക്കാതെ പഞ്ചായത്ത് കെട്ടിടത്തിൽ കെ.എസ്.ഇ.ബി. പ്രവർത്തിക്കുന്നു

2023-24 കാലയളവിലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിന്റെ കടമുറി നം. 9-ൽ കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. 7219/-രൂപ പ്രതിമാസ വാടക നിശ്ചയിച്ചിരിക്കുന്ന കെട്ടിടത്തിൽ നിന്നും ഓഡിറ്റ് വർഷം വാടകയൊന്നും ഒടുക്കിയിട്ടില്ല. മുൻ വർഷങ്ങളിലും ഈ സ്ഥാപനം വാടക ഒടുക്കുന്നതിൽ തുടർച്ചയായ വീഴ്ച വരുത്തിയിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസുകൾക്ക് പ്രത്യേക ഇളവുകൾ ഒന്നും അനുവദിച്ചിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/02/12.2024) പലതവണ രേഖാമൂലം അറിയിപ്പ് നൽകിയിട്ടും കുടിശിക ഒടുക്കിയിട്ടില്ലാത്തതിനെ തുടർന്ന് 31/03/2024 തീയതിയിൽ ഓൺലൈൻ റവന്യു റിക്കവറി പോർട്ടലിൽ നടപടി സ്വീകരിച്ചതിന്റെ പകർപ്പ് മറുപടിയായി ലഭ്യമാക്കി. റവന്യു റിക്കവറി നടപടികൾ പൂർത്തിയാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 പഞ്ചായത്ത് ഓഫീസിലെ ശുചിമുറിയിലേക്ക് വാങ്ങിയ ഇൻസിനറേറ്റർ ഉപയോഗിക്കാതെ

സൂക്ഷിച്ചിരിക്കുന്നു

പ്രോജക്ട് നം.	SO294/24
പേര്	പഞ്ചായത്ത് ഓഫീസിൽ ഇൻസിനറേറ്റർ
അടങ്കൽ	50000
ചെലവ്	47500
ചെക്ക് നം./ തീയതി	003380/30.03.24
നിർവ്വഹണം	വി ഇ ഒ

പഞ്ചായത്ത് ഓഫീസിലെ ശുചിമുറിയിലേക്ക് ഇൻസിനറേറ്റർ വാങ്ങൽ പദ്ധതി പ്രകാരം ആർട്ക്കോ ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയിസ് നം.KKD 617/28.02.2024 - 47500/- പ്രകാരം ഒരു ഡബിൾ ചേംബർ ഇൻസിനറേറ്റർ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇത് ശുചിമുറിയിൽ സ്ഥാപിക്കാതെ റെക്കോർഡ് റൂമിലാണ് നിലവിൽ സൂക്ഷിച്ചിട്ടുള്ളത്.

പഞ്ചായത്ത് ഓഫീസിലെ ശുചിമുറിയിലേക്ക് വാങ്ങിയ ഇൻസിനറേറ്റർ സ്ഥാപിക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.8/23-24/03.12.2024 ന് ഇൻസിനറേറ്റർ ശുചിമുറിയിൽ സ്ഥാപിച്ചിരുന്നതാണെന്നും എന്നാൽ 2024-25 പദ്ധതിയിൽ ശുചിമുറിയുടെ അറ്റകുറ്റപ്പണി നടത്തിയതിനാലാണ് ഇളക്കി മാറ്റിയതെന്നും, പഞ്ചായത്ത് കോമ്പൗണ്ടിൽ തന്നെ നിർമ്മാണം പൂർത്തീകരിച്ചു വരുന്ന സ്ത്രീ സൌഹൃദ വിശ്രമ മുറിയോട് ചേർന്നു നിർമ്മിക്കുന്ന ടോയ്ലെറ്റ് കോംപ്ലക്സിൽ

ഇത് സ്ഥാപിച്ചാൽ കൂടുതൽ സ്ത്രീകൾക്ക് പ്രയോജനം ലഭിക്കുമെന്നും മറുപടി നല്കി.

ഇൻസിനറേറ്റർ പുന:സ്ഥാപിക്കുമെന്ന മറുപടി അംഗീകരിക്കുന്നു. എന്നാൽ നിലവിൽ ഇതിന്റെ പ്രയോജനം ലഭിക്കാതെ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നതിനാൽ ചെലവ് തുക 47500/- രൂപ തടസ്സപ്പെടുത്തുന്നു. മറുപടിയിൽ പറയും വിധം ഇൻസിനറേറ്റർ സ്ഥാപിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-21 ദിശ തെറ്റിയ ദിശാ കിരണം

പ്രോജക്ട് നം	154/24
പേര്	ദിശാകിരൺ
അടങ്കൽ	515000(എസ് സി പി ഫണ്ട്) 163000(തനതു ഫണ്ട്)
ചെലവ്	147000(എസ് സി പി ഫണ്ട്) 36560(തനതു ഫണ്ട്)
ബിൽ നം/തീയതി	BRN -230708520158008291 38/22.11.2023 BRN -230708520158008332 10/23.11.2023 ചെക്ക് നം.002522/04.01.2024-36560/- (തനതു ഫണ്ട്)
നിർവ്വഹണം	അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പഠനത്തിൽ മികവ് പുലർത്തുന്ന 50 വിദ്യാർത്ഥികൾക്ക് മെഡിക്കൽ -

എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിന് സഹായകരമാകുന്ന രീതിയിൽ എൻട്രൻസ് പരിശീലനം നല്കി മത്സര പരീഷകളിൽ വിജയിക്കുന്നതിനുള്ള പഠന നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച് നടപ്പാക്കിതാണ് ദിശാകിരൺ പദ്ധതി. ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി നടത്തുന്ന പരിശീലനത്തിന്റെ ഭാഗമായി ഒരു കുട്ടിക്ക് റിഫ്രഷ്മെന്റ് ചാർജ്ജായി 130/- രൂപയും ടീച്ചറിന് ഒരു മണിക്കൂർ ക്ലാസിന് 1200/- രൂപയും കണക്കാക്കിയിരുന്നു.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഓഡിറ്റിനായി ലഭ്യമാക്കിയ രേഖകൾ എല്ലാം തന്നെ ക്രമ രഹിതവും ചെലവിനെ സാധൂകരിക്കുന്നതിന് പര്യാപ്തവുമായിരുന്നില്ല.

2. 2023 ഫെബ്രുവരി 4 ന് നൂറനാട് സി ബി എം എച്ച് എസ് എസ് ൽ വച്ച് നടന്ന ദിശാകിരൺ കരിയർ മോട്ടിവേഷൻ ക്ലാസിൽ 48 കുട്ടികൾ പങ്കെടുത്തിരുന്നു. എന്നാൽ 02.04.2023 മുതൽ 05.05.2023 വരെ നടന്ന ക്ലാസ്സിൽ 18 കുട്ടികൾ മാത്രമാണ് പഠനത്തിനായി വന്നതെന്ന് അറ്റൻഡൻസ് രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. വ്യാപകമായ പ്രചരണം നല്കിയിട്ടും കുട്ടികളുടെ പങ്കാളിത്തം വളരെ കുറവായതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

3. രേഖകൾ പ്രകാരം പഠിതാക്കളായിരുന്ന 16 കുട്ടികൾ എസ് സി വിഭാഗത്തിൽപ്പെട്ടവരാണ്. എന്നാൽ അരുണിമ എ, നന്ദു ബാബു എന്നീ കുട്ടികളുടെ KEAM 2023 ADMIT CARD മാത്രമാണ് ഫയലിൽ ഉള്ളത്. ഇവരുടെ അർഹത തെളിയിക്കുന്ന രേഖകൾ ഇല്ല.

4. പഠിതാക്കളായ 18 കുട്ടികളും ഏത് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ളവരെന്നുള്ളതിന്റെ രേഖകൾ ഇല്ല.

5. അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം 02.04.2023 മുതൽ 05.05.2023 വരെയാണ് ക്ലാസ്സ് നടന്നിട്ടുള്ളത്. എന്നാൽ അധ്യാപകരെ തെരഞ്ഞെടുത്തതിന്റെയോ ഇവർ എത്ര മണിക്കൂർ ക്ലാസ്സ് എടുത്തു എന്നതിന്റെയോ രേഖകൾ ഫയലിൽ ഇല്ല.

6. സുലേഖ ചെലവു പത്രിക പ്രകാരം 36560/- രൂപ പ്രോജക്ടിനായി തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 13.11.2023 ലെ സാങ്ഷൻ നം. 165/13.11.2023 പ്രകാരം Arogya Activity Group Janakeeya Hotel ന്റെ കാനറാ ബാങ്കിലെ അക്കൌണ്ട് നമ്പർ 3015101013505 ലേക്ക് 36560/- ട്രാൻസ്ഫർ ചെയതിട്ടുണ്ട്. എന്നാൽ പഠിതാക്കൾക്ക് ഭക്ഷണം നല്കിയതിന്റെ യാതൊരു രേഖകളും ഇല്ലാത്ത സാഹചര്യത്തിൽ ഇപ്രകാരം ഹോട്ടലിന് തുക നല്കിയത് എന്തിനെന്ന് വ്യക്തമല്ല.

7. സാങ്ഷൻ നം.78/22.11.2023 (BRN -23070852015800829138) പ്രകാരം എസ് സി പി ഫണ്ടിൽ നിന്നും 99000/- രൂപ ചുവടെ പേര് ചേർക്കുന്നവരുടെ അക്കൌണ്ടിലേക്ക് പോയിട്ടുണ്ട്. തത്തുല്യമായ തുകയ്ക്ക് അവർ രസീതും ഹാജരാക്കിയിട്ടുണ്ട്.

പേര്	അക്കൌണ്ട് നമ്പർ	തുക
ചന്ദ്ര കുമാർ കെ	30033948793 (SBI)	20000
ഗീത പി ഒ	10410100125466(FDR)	23000
സുകുമാര പിള്ള പി	0271053000012113(SIB)	10000
ശ്രീലേഖ എൻ	10540100284408(SBI)	46000

ഉണ്ണിത്താൻ		
	ആകെ	99000

മേൽ പരാമർശിത വ്യക്തികൾ അധ്യാപകരാണ് എങ്കിൽ ഇവർ എത്ര മണിക്കൂർ ക്ലാസ്സ് എടുത്തു എന്നതിന്റെ കൃത്യമായ വിവരം ലഭ്യമല്ല. അധ്യാപകരുടെ പാനൽ തയ്യാറാക്കിയിട്ടില്ല.

8. ക്രമ നം. 7 ലെ പട്ടികയിൽ പറഞ്ഞവർ കൂടാതെ ചുവടെ ചേർക്കുന്ന വ്യക്തികൾ തുക കൈപ്പറ്റിയതായി 05.05.2023 ൽ രസീത് ഹാജരാക്കിയിട്ടുണ്ട്.

പേര്	തുക
മോഹനൻ നായർ ജെ	9000
ടി ജി രാമചന്ദ്രൻ പിള്ള	22000
രാധാകൃഷ്ണൻ ഉണ്ണിത്താൻ എം ജി	17000
ആകെ	48000/-

സുലേഖ ചെലവു പത്രിക പ്രകാരം 48000/- രൂപ എസ് സി പി ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ ട്രഷറി ബില്ല് രേഖകൾ ഫയലിൽ ഇല്ല.

9. പ്രോജക്ടിന്റെ ഭാഗമായ രണ്ടു കുട്ടികളുടെ അഡ്മിറ്റ് കാർഡ് മാത്രമേ ഫയലിൽ ഉള്ളൂ. മറ്റ് കുട്ടികൾ എൻട്രൻസ് പരീക്ഷയ്ക്ക് അപേക്ഷിച്ചതിന്റെയോ, എഴുതിയതിന്റെയോ രേഖകൾ ഇല്ല.

10. നിരവധി +1 വിദ്യാർത്ഥികൾ പ്രോജക്ടിന്റെ ഭാഗമായിരുന്നു. എന്നാൽ ഈ പദ്ധതി നിലവിൽ തുടരുന്നതായി കാണുന്നില്ല.

മേൽ അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം. 21/23-24 /05.12.24 നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല.

പ്രോജക്ട് സംബന്ധിച്ച് ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ പദ്ധതി ആസൂത്രണം വ്യക്തമായ കാഴ്ചപ്പാടോടെ അല്ലായിരുന്നെന്നും നടത്തിപ്പിൽ ഗുരുതരമായ പിഴവുകൾ സംഭവിച്ചിട്ടുള്ളതായും വ്യക്തമായി. എസ് സി വിഭാഗത്തിനായി വകയിരുത്തിയിട്ടുള്ള തുക ചെലവഴിക്കുക എന്ന ലക്ഷ്യത്തോടെയാതൊരു ദീർഘ വീക്ഷണവും ഇല്ലാതെയാണ് പദ്ധതി നിർവ്വഹിക്കപ്പെട്ടത്.

പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ, ആവശ്യമായ രേഖകളുടെ അഭാവം എന്നിവയാൽ ചെലവു തുകയായ 183560/-രൂപ തടസ്സപ്പെടുത്തുന്നു.

1-22 വളം സബ്സിഡി - നടപടിക്രമങ്ങൾ പാലിക്കുന്നില്ല

കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിൽ ജൈവ വളത്തിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം കേരള കാർഷിക സർവകലാശാല, റെയിഡ്കോ, കയർഫെഡ്, എഫ്.പി.ഒ എന്നിവയിലെ ജൈവവളങ്ങളോ, കാർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ തുടങ്ങിയ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ജൈവ വളം വാങ്ങാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അനിവാര്യ സാഹചര്യങ്ങളിൽ സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ കൃഷിക്കാർ ജൈവ വളം നേരിട്ട് വാങ്ങി ആയതിന്റെ ബിൽ സമർപ്പിക്കുന്ന മുറക്ക് സബ്സിഡി അനുവദിക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് വളം വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. ഓരോ വ്യക്തികളിൽ നിന്നും വളം വാങ്ങിയതായി

രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ആണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഇതിൽ തന്നെ പലതിലും എന്തുതരം വളമാണ്, എത്ര കിലോഗ്രാം വാങ്ങി എന്നത് രേഖപ്പെടുത്തിയിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/6-12-24 ന് മറുപടി നൽകിയിട്ടില്ല. മേൽ സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച 308760 രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ നമ്പർ	പ്രോജക്ടിന്റെ പേര്	വളത്തിന് സബ്സിഡി നൽകുന്നതിനായി ചെലവഴിച്ച തുക	ട്രഷറി റഫറൻസ് നമ്പർ
5/24	വാഴക്കൃഷിക്ക് വിത്തും ജൈവ വളവും	76950 (146 ഗുണഭോക്താക്കൾക്ക്)	23070800000009104 /23.2.24
		75330 (152 ഗുണഭോക്താക്കൾക്ക്)	23070800000009476/ 20.2.24
		51840 (99 ഗുണഭോക്താക്കൾക്ക്)	23070800000009170/ 26.2.24
7/24	ഇഞ്ചി - മഞ്ഞൾക്കൃഷി വിസ്തൃതി വ്യാപനം	60480 (105 ഗുണഭോക്താക്കൾക്ക്)	23070800000008003/ 11.1.24
		44160 (76 ഗുണഭോക്താക്കൾക്ക്)	23070800000009047/ 20.2.24
ആകെ		308760	

1-23 അഗതി ആശ്രയ അക്കൌണ്ടിൽ ലക്ഷങ്ങളുടെ നീക്കിയിരിപ്പ്

അഗതി ആശ്രയ പദ്ധതിയുടേതായി കുടശ്ശനാട് ഇൻഡ്യൻ ഓവർസീസ് ബാങ്കിലുള്ള അക്കൌണ്ടിൽ (നമ്പർ. 063701000014108) 03.11.2024 ൽ 10,55,219.76/- രൂപയുടെ നീക്കിയിരിപ്പുണ്ട്. ഇതിൽ 8,50,000/-രൂപ വിവിധ വർഷങ്ങളിൽ ഭവന പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ലഭിച്ചതാണ്.

വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക ഏത് വർഷം ലഭിച്ചതാണെന്നതിൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.25/23-24/06.12.24 ന് നല്കിയതിന് പ്രോജക്ട് രൂപീകരിച്ചിട്ടും അർഹരായ ഗുണഭോക്താക്കളുടെ അഭാവത്തിൽ പദ്ധതി നടപ്പാക്കാതെ പോയതിനാലാണ് തുക വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്നതെന്നും തുകയുടെ വിശദാംശം സംബന്ധിച്ച് താഴെ പറയും പ്രകാരവും മറുപടി ലഭ്യമാക്കി.

വർഷം	പ്രോജക്ടിന്റെ നമ്പർ /പേര്	ഫണ്ടിനം	വകയിരുത്തിയതും ന്നാൽ വിനിയോഗിക്കാതെ അവശേഷിക്കുന്നതുമായ തുക
2020-21	191/അഗതി രഹിത കേരളം വനിതാ ഭവന പുനരുദ്ധാരണം (ജനറൽ)	വികസന ഫണ്ട്	100000
2021-22	3/അഗതി രഹിത കേരളം ഭവന പുനരുദ്ധാരണം (ജനറൽ)	വികസന ഫണ്ട്	500000
	3/അഗതി രഹിത കേരളം ഭവന പുനരുദ്ധാരണം	ബ്ലോക്ക് വിഹിതം	100000

	(ജനറൽ)		
	4/അഗതി രഹിത കേരളം ഭവന പുനരുദ്ധാരണം (ജനറൽ)	വികസന ഫണ്ട്	150000
		ആകെ	850000 /-

ഭവന നിർമ്മാണം, പുനരുദ്ധാരണം എന്നീ ആവശ്യങ്ങൾ ഉള്ള ഗുണഭോക്താക്കൾ അഗതി ആശ്രയ ഡി പി ആർ തയ്യാറാക്കുന്ന സമയത്ത് ഉണ്ടായിരുന്നെങ്കിലും നിലവിൽ അവർ ലൈഫ് പദ്ധതിയുടെയും പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന മറ്റ് പദ്ധതികളുടെയും ഭാഗമായതിനാൽ തുകയുടെ ആവശ്യക്ത പരിമിതമാണ്. പ്രത്യേക ആവശ്യത്തിനായി ലഭിച്ച ഫണ്ട് ആയതിനാൽ ഇത് മറ്റ് പദ്ധതികൾക്ക് വിനിയോഗിക്കുക അസാധ്യമാണ്. ആയതിനാൽ അഗതി ആശ്രയ അക്കൌണ്ടിൽ വിനിയോഗിക്കപ്പെടാതെ നിലനിൽക്കുന്ന തുക പഞ്ചായത്ത് ഫണ്ടിൽ തിരികെ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താതെ ബയോ കമ്പോസ്റ്റർ ബിന്നുകൾ വാങ്ങി -ക്രമ വിരുദ്ധമായ പദ്ധതി നിർവ്വഹണം

പ്രോജക്ട് നം	S045 /24
പേര്	നിർമ്മല ഭവനം ബയോ കമ്പോസ്റ്റർ ബിൻ
അടങ്കൽ	1551036(ധനകാര്യ കമ്മീഷൻ

	ഗ്രാന്റ്) 1464 (തനത് ഫണ്ട്) 172500(ഗ്രണഭോക്തൃ വിഹിതം) 1725000
ചെലവ്	1549156(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) (ആദായ നികുതി -27664/- ആഗ്രോ ഫ്ലെയിം ഇൻഡസ്ട്രീസ് -1261454/- റീടെൻഷൻ -232374/- ജി എസ് ടി-27664/-)
ബിൽ നം./ തീയതി	XVFC/2024-25 /P/8/17.04.2024-1261454/- (ആഗ്രോ ഫ്ലെയിം ഇൻഡസ്ട്രീസ്)
നിർവ്വഹണം	വി ഇ ഒ

വീടുകളിലെ ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനായി വീടുകളിൽ ബയോ കമ്പോസ്റ്റർ ബിൻ സ്ഥാപിക്കുന്നതിലൂടെ മാലിന്യ മുക്തമായ ഭവനം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ

നടപ്പാക്കിയ പദ്ധതിയാണ് നിർമ്മല ഭവനം ബയോ കമ്പോസ്റ്റർ ബിൻ . ബിന്നിന്റെ യൂണിറ്റ് കോസ്റ്റായ 1150/- രൂപയുടെ 10 ശതമാനമായ 115/-രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കിയാണ് ഗുണഭോക്തക്കളെ പദ്ധതിയുടെ ഭാഗമാക്കുന്നത്.

06.03.2024 ലെ 1/15 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം 1601 ഗുണഭോക്താക്കളെ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 1500 ഗുണഭോക്താക്കൾ പദ്ധതിയുടെ ഭാഗമാകുമെന്ന അനുമാനത്തിൽ കരുനാഗപ്പള്ളി ആഗ്രോ ഫ്ലെയിം ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും ഒരു ബിന്നിന് 1150/-രൂപ നിരക്കിൽ ഇൻവോയിസ് നമ്പർ 101-23/25.03.2024 പ്രകാരം 1500 ബിന്നുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ആകെ 1500 ബിന്നുകൾ വാങ്ങിയതിൽ 800 എണ്ണം മാത്രമാണ് ഗുണഭോക്തൃ വിഹിതം ഈടാക്കി വിതരണം ചെയ്യുവാൻ സാധിച്ചിട്ടുള്ളത്.

2. വിതരണം ചെയ്യപ്പെടാതെ അവശേഷിക്കുന്ന 700 ബിന്നുകളിൽ ഏതാനും എണ്ണം പഞ്ചായത്ത് കോമ്പൗണ്ടിൽ തന്നെയുള്ള കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചിരിക്കുന്നു. ബാക്കിയുള്ളവ വിവിധ വാർഡുകളിലായി ഇറക്കി നല്കിയിട്ടുള്ളതായാണ് വി ഇ ഒ അറിയിച്ചത്. ഇത് പദ്ധതി നിർവ്വഹണത്തിലെ ഗുരുതരമായ പാളിച്ചയായി കണക്കാക്കാം.





3. ഗുണഭോക്തൃ വിഹിതമായി ഈടാക്കിയ 92000/- രൂപ സ്ഥാപനത്തിന് നല്കിയിട്ടില്ല. തൻ വർഷ ചെലവായ മുഴുവൻ തുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. ഇത് പദ്ധതി പണത്തിന്റെ ദുർവിനിയോഗമാണ്.

കൃത്യമായ ഗുണഭോക്താക്കളെ കണ്ടെത്താതെയും ഗുണഭോക്തൃ വിഹിതം ഈടാക്കാതെയും ആവശ്യത്തിലധികം ബയോ കമ്പോസ്റ്റർ ബിൻ വാങ്ങിയതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം 5/23-23/02.12.24 ന് നിലവിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനം ഇല്ലാത്ത 267 കുടുംബങ്ങൾ കൂടി ഗുണഭോക്തൃ വിഹിതം അടയ്ക്കുവാൻ സന്നദ്ധരായിട്ടുണ്ടെന്നും ബാക്കി ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി പൂർത്തീകരിക്കുന്നതാണെന്നും മറുപടി നല്കി.

കൃത്യമായ ലിസ്റ്റിന്റെ അഭാവത്തിലും ഗുണഭോക്താക്കളെ നിശ്ചയിച്ച് ഗുണഭോക്തൃ വിഹിതം

ഈടാക്കാതെയും ബിന്നുകൾ അധികമായി വാങ്ങിയത് നിയമാനുസൃത നടപടിയല്ല. ഇതിനായി സ്ഥാപനത്തിന് നല്കിയ ആകെ 1261454/-രൂപയിൽ നിന്നും 700 ബിന്നുകളുടെ വിലയായ 805000/-രൂപ(1150x700) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അർഹരായ ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേന കണ്ടെത്തി ബിന്നുകൾ വിതരണം ചെയ്യേണ്ടതാണ്. കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച തുക, ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്തതും വിനിയോഗിക്കാതെ അവശേഷിക്കുന്നതുമായ തുക ഉപയോഗിച്ച് ക്രമപ്പെടുത്തേണ്ടതാണ്. കൃത്യമായ ഗുണഭോക്തൃ ലിസ്റ്റിന്റെ അഭാവത്തിൽ പദ്ധതി പണം ചെലവഴിക്കുക എന്ന ലക്ഷ്യത്തോടെ മാത്രം പദ്ധതികൾ നിർവ്വഹിക്കുവാൻ ഉദ്യോഗസ്ഥർ നിർബന്ധിതരാകുന്നത് ഭരണ സമിതിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ഇത് പാഴ്ചെലവിനും ഇടയാക്കുമെന്നതിനാൽ ആവശ്യമായ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

1-25 വി ഇ ഒ കുടുംബശ്രീ ഓഫീസുകളുടെ നവീകരണം

നിർവ്വഹണ ഉദ്യോഗസ്ഥ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ടിന്റെ പേര്: വി ഇ ഒ കുടുംബശ്രീ ഓഫീസുകളുടെ നവീകരണം (പ്രോജക്ട് നം 214/2022-23)

കരാറുകാരൻ: ഷാജഹാൻ എം

ചെലവഴിച്ച തുക: 39265/- (ചെക്ക് നം.003392/30.3.24)

വി ഇ ഒ കുടുംബശ്രീ ഓഫീസുകളുടെ നവീകരണം (പ്രോജക്ട് നം 232/2022-23) സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം വി ഇ ഒ, കുടുംബശ്രീ എന്നിവയുടെ ഓഫീസായ പ്രവർത്തിയ്ക്കുന്ന കെട്ടിടം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിയ്ക്കുന്ന K S E B യുടെ

ഗോഡൌൺ ആയി മാറ്റാനുള്ള ഇനങ്ങൾ ആണ് നൽകിയിരുന്നത്. ഇതിനായി കെട്ടിടത്തിന്റെ ഒരു ഭിത്തി പൊളിച്ച് അവിടെ ഗ്രിൽ ഡോർ നൽകി വാഹനം കയറ്റുന്നതിന് ഒരു റാമ്പ് നിർമ്മിയ്ക്കുന്ന പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ടി പ്രവൃത്തിയുടെ വർക്ക് ബിൽ ,എം ബുക്ക് എന്നിവ പ്രകാരം കെട്ടിടത്തിന്റെ ഒരു ഭിത്തി പൊളിച്ച് പില്ലർ സ്ഥാപിയ്ക്കുകയും ഗ്രിൽ ഡോർ വെയ്ക്കുകയും പെയിന്റ് ചെയ്യുകയും മാത്രമാണ് ചെയ്തിട്ടുള്ളത്. കരാറുകരാൻ ഷാജഹാൻ എം മായി 12.4.2023 ൽ കരാർ ചമച്ചതിൻ പ്രകാരം 6 മാസമാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ്. ഇതിൻ പ്രകാരം 11.1.2024 ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി 28.3.24 ൽ മാത്രമാണ് പൂർത്തീകരിച്ചത്. നിയമാനുസൃത പിഴ ഈടാക്കിയതായി കാണുന്നില്ല. പൊതു മേഖലാ സ്ഥാപനായ കെ എസ് ഇ ബിയ്ക്ക് ഗോഡൌൺ നിർമ്മിയ്ക്കുന്നതിനായാണ് പഞ്ചായത്ത് പ്രോജക്ട് ആവിഷ്കരിച്ചത്. പഞ്ചായത്തിന്റെ തന്നെ കെട്ടിടത്തിൽ വർഷങ്ങളായി വാടകയ്ക്കാണ് നൽകിയിട്ടുള്ളതെങ്കിലും കെ എസ് ഇ ബിയിൽ നിന്ന് നാളിതുവരെ വാടക ഒന്നും തന്നെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇപ്രകാരം വാടക നൽകാതെ പ്രവർത്തിയ്ക്കുന്ന ടി സ്ഥാപനത്തിന്റെ സാധന സാമഗ്രികൾ പഞ്ചായത്തിന്റെ പരിസരത്ത് കൂട്ടിയിട്ടിരിക്കുന്ന നിലയിലാണുള്ളത്. വാടക നൽകാതെ പ്രവർത്തിയിക്കുന്ന സ്ഥാപനത്തിന് അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതനാണ് പ്രോജക്ട് ആവിഷ്കരിച്ച് പ്രവൃത്തി നടപ്പാക്കിയിത്. അപകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/5.12.24) ലഭ്യമാക്കിയ മറുപടിയിൽ വി ഇ ഓ കുടുംബശ്രീ ഓഫീസുകളിലെ ഫയൽ മാറ്റാതിരുന്നതിനാലാണ് പ്രവൃത്തി ആരംഭിയ്ക്കാൻ താസിച്ചതെന്നും പാർട്ട് ബിൽ നൽകിയതിനാൽ റിട്ടൻഷൻ തുക പിടിച്ചിട്ടുള്ളതായും അറിയിച്ചു. ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോപ്ളക്സിൽ പ്രവർത്തിയ്ക്കുന്ന കെ എസ് ഇ ബി ഓഫീസിലെ വൈദ്യുത കമ്പികളും മറ്റും നിലവിൽ ഗ്രാമപഞ്ചായത്ത് യാർഡിൽ കൂട്ടിയിട്ടിരിക്കുന്നത് മൂലം പൊതു ജനങ്ങൾക്കും ഷോപ്പിംഗ് കോംപ്ളക്സിൽ പ്രവർത്തിയ്ക്കുന്ന കടകളിൽ എത്തുന്നവർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു. അതിനാലാണ് കെ എസ്

ഇ ബിയ്ക്ക് ഗോഡൌൺ നിർമ്മിച്ച് നൽകാൻ തീരുമാനിച്ചത് എന്നും അറിയിച്ചു. എന്നാൽ മറ്റൊരു സർക്കാർ കമ്പനിയായ കെ എസ് ഇ ബിയ്ക്ക് ഗോഡൌൺ പണിഞ്ഞ് നൽകുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയത് ക്രമ വിരുദ്ധമായ നടപടിയാണ്. ആകയാൽ ചെലവ് തുക 39265/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-26 ബഡ്സ് സ്കൂൾ – നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

പ്രോജക്ട് നമ്പർ 193/24

പ്രോജക്ടിന്റെ പേര് - ബഡ്സ് സ്കൂളിന് അടിസ്ഥാന സൗകര്യം

നിർവഹണം - സെക്രട്ടറി

ചെലവ് - 460808 (ചെക്ക് നം - 000817/29-12-23)

ബഡ്സ് സ്കൂൾ സ്ഥാപിക്കുന്നതിനായി 2018-19 വർഷം കുടുംബശ്രീ മിഷനിൽ നിന്നും 1250000 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഈ ഫണ്ടിൽ നിന്നും ബഡ്സ് സ്കൂളിന്റെ ആവശ്യത്തിനായി 2021-22 സാമ്പത്തിക വർഷത്തിൽ കെൽട്രോണിൽ നിന്നും വിവിധ ബഡ്സ് സ്കൂൾ സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതിന്റെ തുക 2023-24 സാമ്പത്തിക വർഷമാണ് നൽകിയിട്ടുള്ളത്. ബഡ്സ് സ്കൂളിന്റെ പ്രവർത്തനം 2024 ജൂലയിൽ ആണ് ആരംഭിച്ചത്. പെയ്മെന്റ് താമസിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/4-12-24 ന് നൽകിയ മറുപടിയിൽ ബഡ്സ് സ്കൂളിന്റെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ 2023-24 സാമ്പത്തിക വർഷമാണ് പൂർത്തിയായതെന്നും ആയതിനാൽ വാങ്ങിയ ഉപകരണങ്ങൾ സ്ഥാപിക്കാൻ വൈകിയത് മൂലമാണ് പെയ്മെന്റ് താമസിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് (എം.എസ്.)നം.148/09/ത.സ്വ.ഭ.വ/29.7.2009, സർക്കാർ ഉത്തരവ് (എം.എസ്.)നം.20/2018/ത.സ്വ.ഭ.വ/7.2.2018 എന്നിവ പ്രകാരം ബഡ്സ് സ്കൂളിന്റെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട് . സ്ഥാപനത്തിന് 15 സെന്റിൽകുറയാതെ സ്വന്തം ഭൂമിയോ പൊതുസ്ഥലമോ ലഭ്യമായിരിക്കണം എന്നാൽ ഹോമിയോ ഡിസ്പെൻസറി, അംഗനവാടി എന്നിവയുടെ സമീപത്തായി ഒറ്റ കോമ്പൗണ്ടിൽ തന്നെയാണ് സ്കൂൾ കെട്ടിടം സ്ഥാപിച്ചിട്ടുള്ളത്. സ്ഥാപനത്തിൽ ഓഡിയോളജി മുറി, ഫിസിയോ തെറാപ്പി മുറി, ഒക്കുപ്പേഷണൽ തെറാപ്പി & കൗൺസിലിംഗ് മുറി, ഭക്ഷണ മുറി, വിനോദമുറി എന്നിവ ഉറപ്പാക്കിയിട്ടില്ല. കുറഞ്ഞത് 5 ക്ലാസ്സ് മുറി വേണമെന്ന എന്ന നിബന്ധനയും പാലിച്ചിട്ടില്ല. അദ്ധ്യാപക വിദ്ധ്യാർത്ഥി അനുപാതം 1:8 എന്ന നിലയിലും ആയ വിദ്ധ്യാർത്ഥി അനുപാതം 1:15 എന്ന നിലയിലും ക്രമീകരിക്കേണ്ടതാണെന്നും ഒരു സ്ഥാപനം ആരംഭിക്കുന്നതിന് കുറഞ്ഞത് രണ്ട് അദ്ധ്യാപകർ (നിർദ്ദിഷ്ട യോഗ്യതയുള്ളവർ) നിർബന്ധമായും ഉണ്ടായിരിക്കണമെന്നും മേൽ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും നിലവിൽ ഒരു അദ്ധ്യാപികയും ഒരു ആയയും മാത്രമാണ് ഉള്ളത്.

ബഡ്സ് സ്കൂളിൽ ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാകാത്തതിനാൽ ഇതിനായി വാങ്ങിയ ഉപകരണങ്ങൾ നിലവിൽ ഉപയോഗ ശൂന്യമായി ഇരിക്കുകയാണ്.

ബഡ്സ് സ്കൂളിന്റെ പ്രവർത്തനം ശരിയായ രീതിയിൽ നടത്തുന്നതിനാവശ്യമായ തുടർ നടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിക്കേണ്ടതും മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതു പ്രകാരം ബഡ്സ് സ്കൂളിന്റെ പ്രവർത്തനത്തിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം വാങ്ങേണ്ടതുമാണ്.

1-27 ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ മുൻക്കൂർ ക്രമീകരിച്ചില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I അനുച്ഛേദം 99 പ്രകാരം മുൻക്കൂർ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. നിയമ പ്രകാരമുള്ള സമയപരിധിയ്ക്കകം മുൻക്കൂർ ക്രമീകരിക്കുന്നതിനുള്ള രേഖകൾ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ തുകയും തുക പിൻവലിച്ച ദിവസം മുതൽ 18% പലിശ കണക്കാക്കി ആയത് സഹിതം തിരികെ ഈടാക്കണമെന്ന് 4/10/11-ലെ ജി.ഒ(പി)419/11/ഫിൻ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ഫെസ്റ്റിവൽ അഡ്വാൻസായി അനുവദിച്ച 33000/- രൂപ വർഷാന്ത്യം ക്രമീകരിക്കാതെ അവശേഷിക്കുന്നു. അഡ്വാൻസ് രജിസ്റ്ററിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മുൻക്കൂർ യഥാസമയം തിരികെ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/5.12.2024) മറുപടി ലഭ്യമാക്കിയില്ല. തിരികെ ലഭിക്കാനുള്ള ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-28 കേരളോത്സവം നടത്തിപ്പിൽ ക്രമ പ്രകാരമല്ലാത്ത ചെലവുകൾ

പ്രോജക്ട് നം	29/24
പേര്	കേരളോത്സവം
അടങ്കൽ	150000 (തനത് ഫണ്ട്)
ചെലവ്	124822
ചെക്ക് നം/തീയതി	002370/07.10.2023-25000

	000562/17.11.2023-55022 002534/15.01.2024-4650 003066/04.03.2024-40150

യുവ ജനങ്ങളുടെ കലാ കായിക മികവുകൾ തെളിയിക്കുന്നതിന് വേദി ഒരുക്കുകയും, പഞ്ചായത്ത് തലത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുകയും, വിജയികൾക്ക് ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലത്തിൽ പങ്കെടുത്ത് കഴിവ് തെളിയിക്കുന്നതിന് അവസരം ഉണ്ടാവുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണ് കേരളോത്സവം.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1. ചെക്ക് നം.002534/15.01.2024 -പ്രകാരം പിൻവലിച്ച 4650/- രൂപയിൽ 2650/- രൂപ 2023 -ലെ കേരളോത്സവത്തിന്റെ 500 നോട്ടീസ് പ്രിന്റ് ചെയ്തതിന് ശ്രീ മനോജ് ആർ എന്ന വ്യക്തിക്കും അനൌൺസ്മെന്റ് നടത്തിയതിന് 2000/- രൂപ ശ്രീ ആനന്ദ രാജൻ എന്ന വ്യക്തിയ്ക്കും നല്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2023 -ലെ കേരളോത്സവം നടന്ന തീയതി കാണിക്കുന്ന ഒരു നോട്ടീസ് പോലും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. ചെക്ക് നം. 002370/07.10.2023 പ്രകാരം പിൻവലിച്ച 25000/ - രൂപയും, ചെക്ക് നം. 000562/17.11.2023 പ്രകാരം പിൻവലിച്ച 55022/ - രൂപയിൽ 37512/ - രൂപയും ശ്രീ.ശരത് ശ്യാം എന്ന വ്യക്തിയുടെ 67026157514(SBI) നമ്പരിലുള്ള അക്കൌണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ഏതെല്ലാം ഇനങ്ങൾക്ക് ചെലവഴിച്ചതാണെന്നതിന്റെ വിശദാംശം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. ചെക്ക് നം. 000562/17.11.2023 പ്രകാരം പിൻവലിച്ച 55022/ - രൂപയിൽ 16880/ - രൂപ വിവിധ

സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ ഇൻവോയിസ് നം. P/765/06.10.2023 പ്രകാരം SPORTS ZONE, Pandalam എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. എന്നാൽ വാങ്ങിയ സ്പോർട്സ് ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ഇല്ല. കലാ-കായിക മത്സരങ്ങളിൽ പങ്കെടുത്തവരുടെ വിവരം ഫയലിൽ ഇല്ല.

4. ലഭ്യമായ രേഖകൾ പ്രകാരം 07.10.2023 മുതൽ 22.10.2023 വരെയാണ് ഗ്രാമ പഞ്ചായത്തിൽ കേരളോത്സവം നടന്നിട്ടുള്ളത്. എന്നാൽ ചെക്ക് നം. 003066/04.03.2024 പ്രകാരം പിൻവലിച്ച 40150/- രൂപ മത്സര വിജയികൾക്ക് ട്രോഫി വാങ്ങിയതിന് YOUR'S MEMENTOS & TROPHIES, Charummood എന്ന സ്ഥാപനത്തിന്റെ ഇൻവോയിസ് നം. 866/10.02.2024 നാണ് ചെലവഴിച്ചിട്ടുള്ളത്. 10.2023 ൽ നടന്ന കേരളോത്സവത്തിന്റെ ട്രോഫി 02.2024 ലാണ് വാങ്ങിയതെന്നത് വിശ്വസനീയമല്ല. സമ്മാന വിതരണം നടത്തിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.
മേൽ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം.27/23-24/06.12.24 നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. ചെലവു രേഖകളുടെ കൃത്യത ബോധ്യപ്പെടാത്തതിനാൽ കേരളോത്സവത്തിന്റെ ചെലവ് തുകയായ 124822/- രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി ചെലവുകളുടെ രേഖകൾ കൃത്യമായി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-29 മുൻവർഷം വസ്തു നികുതി പിരിവ് കാര്യക്ഷമമായില്ല - വികസന ഫണ്ടിൽ(ജനറൽ) നിന്നും തുക വെട്ടിക്കുറച്ചു

പഞ്ചായത്തിന്റെ ഏറ്റവും പ്രധാന വരുമാന മാർഗ്ഗമാണ് വസ്തുനികുതി. 2022-23 വർഷം ഈയിനത്തിലെ

പിരിവ് 90% ലും താഴെയായതിനെ തുടർന്ന് 2023-24 വർഷം സ.ഉ(സാധാ) നം 2858/ധന/22.03.2024 പ്രകാരം അനുവദിക്കപ്പെട്ട വികസന ഫണ്ടിന്റെ(ജനറൽ) മൂന്നാം ഗഡുവിൽ നിന്ന് 1% തുക സ.ഉ(കൈ) നം.179/2022/ധന/18.10.2022 ന്റെ അടിസ്ഥാനത്തിൽ ഉറവിടത്തിൽ തന്നെ കുറവ് ചെയ്യപ്പെട്ടു. ഇപ്രകാരം 2023-24 ൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന 235500/- രൂപ വികസന ഫണ്ടിൽ(ജനറൽ) നിന്നും നഷ്ടപ്പെടുകയുണ്ടായി. അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്ക് ഉപകരിക്കാമായിരുന്ന സർക്കാർ ഫണ്ട് ഇപ്രകാരം നഷ്ടപ്പെടുത്തുന്നത് അഭിലഷണീയമല്ല. ഭാവിയിൽ വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കി സർക്കാർ ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-30 കുടിവെള്ള വിതരണം നടപടി ക്രമങ്ങൾ പാലിച്ചില്ല

പ്രോജക്ട് നമ്പർ 30/24

പ്രോജക്ടിന്റെ പേര് -കുടിവെള്ള വിതരണം 2023

നിർവഹണം - സെക്രട്ടറി

ചെലവ്

1) 484902 (ചെക്ക് നം .000807/26.12.23)

2) 127171 (ചെക്ക് നം .003388/31.3.24)

മേൽ പദ്ധതിയുടെ അടിസ്ഥാനത്തിൽ കുടിവെള്ള വിതരണം നടത്തിയതിന് സതീഷ് എന്നയാൾക്ക് തുക അനുവദിച്ചിട്ടുണ്ട്. ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള ജിപിഎസ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 10762

കിലോമീറ്റർ ഓടിയതായി കാണിക്കുന്നുണ്ട് എന്നാൽ 7576.6 കിലോമീറ്റർ ഓടിയതിന്റെ തുകയാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. ഇതേ വാഹനം മാവേലിക്കര തെക്കേക്കര, തഴക്കര എന്നീ പഞ്ചായത്തുകളിലും കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളത് സംബന്ധിച്ച് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാലാണ് ഇപ്രകാരം അപാകത സംഭവിച്ചിട്ടുള്ളത്. കുടിവെള്ള വിതരണം സംബന്ധിച്ച ക്വട്ടേഷനിൽ വാഹനം മറ്റ് ടിപ്പുകൾക്ക് ഉപയോഗിക്കാൻ പാടില്ലായെന്നും പമ്പ് ഹൗസിന് സമീപത്തായി പാർക്ക് ചെയ്യണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ GPS റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം ചെലവ് തുക അംഗീകരിക്കുന്നതായിരിക്കും എന്ന് കരാറിലും വ്യക്തമാക്കിയിട്ടുണ്ട്. മറ്റ് പഞ്ചായത്തുകളിലും വാഹനമോടിയിട്ടുള്ളതിനാൽ പാലമേൽ പഞ്ചായത്തിൽ മാത്രമായി കുടിവെള്ള വിതരണത്തിനായി എത്ര കിലോമീറ്റർ വാഹനമോടി എന്നതിന്റെ കൃത്യമായ കണക്ക് ജിപിഎസ് റിപ്പോർട്ടിൽ നിന്നും ലഭിക്കുന്നില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നം.14/4.12.24 ന് നൽകിയ മറുപടിയിൽ കുടിവെള്ള വിതരണത്തിനല്ലാതെ മറ്റ് ടിപ്പുകൾക്ക് വാഹനം ഉപയോഗിക്കാൻ പാടില്ലെന്ന് നിർദ്ദേശമുള്ളതായയും പാലമേൽ പഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്താത്ത ദിവസങ്ങളിൽ തഴക്കര പഞ്ചായത്തിൽ വിതരണം നടത്തിയതായും അറിയിച്ചിട്ടുണ്ട്. തഴക്കര പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ ജനപ്രതിനിധികളുടെ നിർദ്ദേശപ്രകാരമാണ് ഇപ്രകാരം ചെയ്തതെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ GPS റിപ്പോർട്ടിൽ നിന്നും പാലമേൽ പഞ്ചായത്തിൽ വാഹനം ഓടിയ ദിവസങ്ങളിലെ കിലോമീറ്റർ കണക്കാക്കിയാണ് കരാറുകാരന് തുക അനുവദിച്ചതെന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ മാവേലിക്കര താലൂക്ക് ഓഫീസിൽ നിന്നും ക്ഷണിച്ചിട്ടുള്ള ക്വട്ടേഷനിലെ നിബന്ധനയിൽ കുടിവെള്ള വിതരണത്തിനല്ലാതെ മറ്റ് ടിപ്പുകൾക്ക് എന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാലും പാലമേൽ

പഞ്ചായത്തിന്റെ ആവശ്യത്തിനായി GPS ഘടിപ്പിച്ച വാഹനം മറ്റ് പഞ്ചായത്തുകളിലും ഓടിയത് കരാറിന്റെ ലംഘനമായി കണക്കാക്കുന്നതിനാലും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കരാറുകാരന് അനുവദിച്ച 484902 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ക്വട്ടേഷൻ നിബന്ധനയിലെ മറ്റ് ടിപ്പുകൾക്ക് എന്ന വ്യവസ്ഥ സംബന്ധിച്ച് താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തേണ്ടതും കരാർ ലംഘനത്തിന് കരാര്കാരനെതിരെ ഉചിത നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-31 വില മുൻകൂറായി നൽകിയെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി നിർവഹണം നടത്തിയ പദ്ധതികളിൽ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക മുൻകൂറായി നൽകിയെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രൊജക്ട് നം. 240/24, കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 1480000/-

ചെലവ് - 1276277/-(സി.എഫ്.സി-740000/-, തനത് ഫണ്ട്-536277/-)

ബിൽ/വൗച്ചർ നം.XVFC/2023-24/24/P/14/21.3.24
വൗച്ചർ നം.22301022/31.1.2024, 22301165/17.3.2024, 22301162/15.3.2024, 22301253/29.3.2024

മേൽ പ്രോജക്ടിൽ മരുന്ന് വാങ്ങുന്നതിനായി 1276277/- രൂപ ചെലവഴിച്ചതിൽ 1107714/- രൂപയുടെ മരുന്നാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മുൻകൂറായി

നൽകിയ 168563/- രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു.

2)പ്രൊജക്ട് നം. 81/24, വൃക്ക രോഗികൾക്ക് കാരുണ്യഹസ്തം

അടങ്കൽ - 600000/- (നോൺ റോഡ്)

ചെലവ് - 600000/- (നോൺ റോഡ്)

ബി.ആർ.എൻ.23070852007301400084/13.3.2024 - 300000/-

ബി.ആർ.എൻ.23070852007301400092/13.3.2024 - 300000/-

ഡയാലിസിസ് ചെയ്യുന്ന വൃക്ക രോഗികൾക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മേൽ ബിൽ പ്രകാരം 600000/- രൂപ മുൻകൂറായി നൽകുകയുണ്ടായി. എന്നാൽ 466740/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. 133260/- രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു.

വില മുൻകൂറായി നൽകിയിട്ടും മരുന്ന് പൂർണ്ണമായി ലഭ്യമാകാതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/5.12.2024) വാങ്ങുന്ന മരുന്ന് സ്റ്റോക്ക് ചെയ്യാനുള്ള സൗകര്യം സി.എച്ച്.സി യിൽ കുറവായതിനാൽ ആവശ്യാനുസരണം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും വാങ്ങുകയാണെന്നും അതുകൊണ്ടാണ് മരുന്ന് പൂർണ്ണമായി ലഭ്യമാകാതിരുന്നതെന്നും മറുപടി ലഭിച്ചു. മരുന്ന് പൂർണ്ണമായി ലഭ്യമാക്കി അറിയിക്കുന്നതുവരെ ക്രമ നം.1, 2 എന്നിവ പ്രകാരം ലഭിക്കാനുള്ള മരുന്നിന്റെ വിലയായ (168563+133260)= 301823/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-32 ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

പ്രോജക്ട്	S0068/ 24 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	1,00,000 /- തനത് ഫണ്ട് 1,00,000 /- റോഡിതരം **2,00,000 /-**
ചെലവ്	1,00,000 /- തനത് ഫണ്ട് 1,00,000 /- റോഡിതരം **2,00,000 /-**
സാങ്ഷൻ നം.	229 / 04.01.2024, 230 / 04.01.2024
ലഭിച്ച മരുന്നിന്റെ ടാക്സ് ഇൻവോയിസ് നം./തുക	LF-574/08.07.2024/1,00,000/- LF-780 /31.07.2024/53,997/- LF-1434 /29.10.2024/5,854/-

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് (നം. S0068/24) പ്രകാരം മരുന്ന് വാങ്ങുന്നതിന് 2 ലക്ഷം രൂപ ആലപ്പുഴ ഹോംകോയിൽ ഒടുക്കിയെങ്കിലും ഓഡിറ്റ് തീയതി വരെ (06/12/24) 1,59,851/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായത്. 40,149/- രൂപയുടെ മരുന്ന് ലഭിക്കാൻ ബാക്കിയാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/06.12.24) ബാക്കി തുകയ്ക്കുള്ള ഔഷധങ്ങൾ ഉടൻ തന്നെ ലഭ്യമാക്കണമെന്ന്

ഹോംകോയിലേക്ക് അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.മരുന്നുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ഇനി ലഭിക്കുവാനുള്ള മരുന്നിന്റെ വിലയായ 40,149/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ യഥാകാലം ലഭ്യമാക്കുന്നതിന് ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

1-33 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

പ്രോജക്ട് നമ്പർ 34/24

പ്രോജക്ടിന്റെ പേര് - IKM പ്രവർത്തന ഫണ്ട്

നിർവഹണം - സെക്രട്ടറി

ചെലവ്
127000 (ചെക്ക് നം. 22300981/21.1.2024)

മേൽ പദ്ധതിയുടെ അടിസ്ഥാനത്തിൽ 127000 രൂപ IKM പ്രവർത്തന ഫണ്ടിനത്തിൽ IKM ന് നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28/6-12-24 ന് നൽകിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലയെന്നും ലഭിക്കുന്ന മുറക്ക് ഓഡിറ്റിൽ ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. മേൽ കാരണത്താൽ 127000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-34 ഭിന്നശേഷിക്കാർക്ക് ആനുകൂല്യം – UDID (Unique Disability Identity Card) ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ 3/24

പ്രോജക്ടിന്റെ പേര് - മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് വിതരണം നടത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ കൂടുതൽ അപേക്ഷകളിലും യു.ഡി.ഐ.ഡി കാർഡ് വെച്ചിട്ടില്ല. 2016 ലെ ഭിന്നശേഷി അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയൊട്ടാകെ ഭിന്നശേഷിക്കാർക്ക് ഏകീകൃത ഐഡന്റിറ്റി കാർഡ് എന്ന നിലയിലാണ് UDID കാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് സർക്കാർ ആനുകൂല്യത്തിനുള്ള ആധികാരിക രേഖയാക്കി കേന്ദ്ര സർക്കാരും കേരളത്തിൽ സാമൂഹ്യ നീതി വകുപ്പും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നം.3/2.1224 ന് നൽകിയ മറുപടിയിൽ UDID കാർഡ് ഇല്ലാത്തവരുടെ വിവരം സാമൂഹ്യ സുരക്ഷാമിഷന് കൈമാറിയിട്ടുണ്ടന്നും ക്യാമ്പ് സംഘടിപ്പിച്ച് UDID കാർഡ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സാമൂഹ്യ സുരക്ഷാമിഷനിൽ നിന്ന് അറിയിച്ചിട്ടുള്ളതായും വ്യക്തമാക്കിയിട്ടുണ്ട്. മുഴുവൻ ഗുണഭോക്താക്കൾക്കും ഐ.ഡി കാർഡ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-35 ലൈഫ് ഭവന പദ്ധതി - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ ലൈഫ് ഭവന നിർമ്മാണ പദ്ധതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ പദ്ധതിയുടെ ആദ്യ ഗഡു കൈപ്പറ്റി ദീർഘനാളായിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ ഉള്ളതായി കണ്ടെത്തി. വിശദാംശം ചുവടെ ചേർക്കുന്നു.

എസ് സി വിഭാഗം		
വർഷം	ഗുണഭോക്താവിന്റെ പേര്, മേൽവിലാസം	ആദ്യഗഡു കൈപ്പറ്റിയ തീയതി
2020-21	കുഞ്ഞിക്കുട്ടി, മുകളുപറമ്പിൽ, പയ്യനല്ലൂർ	31.03.2021
2021-22	മഞ്ചു ഗോപാലകൃഷ്ണൻ, നിലയ്ക്കൽ കൊട്ടിക്കൽ, ഉളവുകാട്	25.03.2022
2021-22	താമരാക്ഷി, ഏലക്കോട്ട് കിഴക്കേതിൽ, കഞ്ചുകോട്	26.03.2022
2022-23	റീന അനീഷ്, ആദി നിവാസ്, പണയിൽ	18.07.2022
2022-23	രത്നമ്മ, രജനി ഭവനം, പുലിക്കുന്ന് പി ഒ	16.10.2022
2022-23	സന്ധ്യ എൻ, വന്മേലിൽ ഇടപ്പുര	11.01.2023
2022-23	രത്നമ്മ കെ റ്റി, കാഞ്ഞിരവിള പുത്തൻ വീട്	15.03.2023
2022-23	രഞ്ചിനി വി, പള്ളി പടീറ്റതിൽ	15.03.2023
2022-23	സുരേന്ദ്രൻ, മലയിൽ താഴേത്ത്	15.03.2023
2022-23	സുശീല, സുമാ ഭവനം	17.03.2023
2022-23	ഓമന, പുത്തൻവിളയിൽ താഴത്തേതിൽ	17.03.2023
2022-23	അനിതാ എസ്, മുരിപ്പേൽ പുത്തൻ വീട്	17.03.2023
2022-23	അമ്മിണി, പുത്തൻ വിളയിൽ	27.03.2023

2022-23	ശാന്ത, ശാന്തിനി ഭവനം	27.03.2023
2022-23	ശിവൻ കുട്ടി, തെക്കേചരുവിൽ	27.03.2023
2022-23	കൃഷ്ണ.കെ, വാലുതറയിൽ	27.03.2023
2022-23	മിനിമോൾ എസ്, ചിത്തിര	31.03.2023
2022-23	പൊടിപ്പെണ്ണ്, വിളയിൽ കിഴക്കേതിൽ	31.03.2023
2022-23	രാഘവൻ കെ, കുറ്റിവിളയിൽ പുത്തൻ വീട്	31.03.2023
2022-23	സുജാത ടി, മൂന്നു തുണ്ടിൽ	31.03.2023
2022-23	ചെല്ലമ്മ, കോട്ടാവിളയിൽ	31.03.2023
2023-24	സിത്താര എസ്, കുറ്റിയിൽ തെക്കേതിൽ	01.06.2023
2023-24	രാജേന്ദ്രൻ പി, മുക്കത്തയ്യത്ത് പടിഞ്ഞാറ്	01.06.2023
2023-24	പൊടിയമ്മ, പുഷ്പത്തടത്തിൽ	01.06.2023
2023-24	രാധാമണി, വട്ടയത്തിനാൽ	01.06.2023
2023-24	വിജയമ്മ, വിജയ ഭവനം	01.06.2023
2023-24	സരള കെ, തെക്കേപാലവിളയിൽ	12.07.2023
2023-24	ഭാസ്കൻ, വട്ടയത്തിനാൽ	12.07.2023
2023-24	വിലാസിനി, രഞ്ജു ഭവനം	12.07.2023
ജനറൽ വിഭാഗം		

വർഷം	ഗുണഭോക്താവിന്റെ പേര്, മേൽവിലാസം	ആദ്യഗഡു കൈപ്പറ്റിയ തീയതി
2021-22	പ്രഭാകരൻ, സൂര്യഭവനം	17.09.2021
2023-24	വിജയ ലക്ഷ്മി അമ്മ, അമ്പാടി	06.06.2023
2023-24	കബീർ, കൈതക്കോട്ടയ്ത്ത്	01.06.2023
2023-24	ഗായത്രി ലാൽ, ബിജു ഭവനം	01.06.2023
2023-24	ഷെരീഫ, കുറ്റിവിളയിൽ	01.06.2023
2023-24	സുമതി, മന്നത്ത് തെക്കേക്കര	11.10.2023
2023-24	നബീസ ബീവി, നെടിയവിള വടക്കേതിൽ	11.10.2023
2023-24	സുബൈദ, പ്ലാവിള തെക്കേതിൽ	11.10.2023
2023-24	വിമല എസ്, അശോക മന്ദിരം	12.01.2024
2023-24	സുശീല ജോസഫ്, എഴുകിലാനിക്കൽ	14.03.2024
2023-24	വിജയകുമാർ, കാത്താടയ്ത്ത് വടക്കേതിൽ	14.03.2024
2023-24	ജമീല, കല്ലുംപറമ്പിൽ	14.03.2024
2023-24	തുളസീ ഭായി, പുല്ലുംപ്ലാവിൽ	14.03.2024
2023-24	സുരേന്ദ്ര കുറുപ്പ്, പുന്നവിള പടിഞ്ഞാറ്	14.03.2024
2023-24	പുഷ്പ എസ്, കൊട്ടിളപ്പാട്ട് കിഴക്കേതിൽ	14.03.2024
2023-24	അംബിക, അങ്കിത ഭവനം	14.03.2024

2023-24	വത്സ, പൊയ്കയിൽ	14.03.2024
2023-24	സോമവല്ലി, ഭാർഗ്ഗവ ഭവനം	14.03.2024
2023-24	രമ ടി കെ, സന്തോഷ് ഭവനം	14.03.2024
2023-24	വേണു ഗോപാല പിള്ള, വരുൺ ഭവനം	14.03.2024
2023-24	കൃഷ്ണമ്മ, പതിയാൻ മുകളിൽ	14.03.2024
2023-24	സാബു ആർ, അരുണിമ ഭവനം	14.03.2024
2023-24	രാധാമണിയമ്മ, രജനീ ഭവനം	14.03.2024
2023-24	മണി ടി, വിജയ ഭവനം	14.03.2024
2023-24	സലീക്കത്ത്, ചായക്കാരയ്യത്ത്	14.03.2024
2023-24	ലത, ആതിര ഭവനം	14.03.2024
2023-24	രാധാമണി, സുജാ ഭവനം	14.03.2024
2023-24	ശോഭന, വന്മേലിൽ	14.03.2024
2023-24	ശ്രീലത, വലിയവീട്ടിൽ തറയിൽ	14.03.2024
2023-24	ലക്ഷ്മി, വടക്കേഭാഗത്ത് കിഴക്കേതിൽ	14.03.2024
2023-24	നസീമ ബീവി, വാഴവിളയിൽ	14.03.2024
2023-24	സതീഷ് ആർ, ശ്രീഭവനം	14.03.2024
2023-24	സുധാകുമാരി, ആദി നിവാസ്	14.03.2024

മേൽ പരാമർശിച്ചിരിക്കുന്ന ഗുണഭോക്താക്കൾ കരാർ വച്ച് ആദ്യ ഗഡു ധനസഹായം കൈപ്പറ്റിയ ശേഷം ദീർഘനാളായിട്ടും തുകയ്ക്ക് അനുസൃതമായ ഘട്ടം പൂർത്തീകരിച്ച് അടുത്ത ഗഡുവിന് അപേക്ഷ നൽകാത്ത സാഹചര്യത്തിൽ ഇതുവരെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തുകയും ഗുണഭോക്താക്കൾക്ക് അറിയിപ്പ് നൽകുകയും വിഷയം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം നടപടികൾ സ്വീകരിച്ചിന്റെ രേഖകളില്ല.

2020-21സാമ്പത്തികവർഷം അഡ്വാൻസ് കൈപ്പറ്റിയവർ കഴിഞ്ഞ 4 വർഷമായി ഭവനനിർമ്മാണ പ്രവർത്തനങ്ങളൊന്നും നടത്താത്ത സ്ഥിതിയുണ്ട്. അഡ്വാൻസ് കൈപ്പറ്റിയവർക്ക് മുൻഗണന നൽകി ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനും നിർമ്മാണം നടത്താൻ സാധിക്കാത്ത പക്ഷം നല്കിയ തുക തിരികെ ഈടാക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

1-36 ഗ്രാമപഞ്ചായത്തിന് ലഭിച്ച ഫണ്ടിൽ 2.74 കോടി രൂപ പദ്ധതി നിർവ്വഹണത്തിലെ കാലതാമസം മൂലം ലാപ്സായി

2023-24 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ വിവിധ അലോട്ട്മെന്റ്കൾ പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിച്ച വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റുകളിൽ നല്ലൊരു ഭാഗം സമയബന്ധിതമായി പ്രോജക്ടുകൾ തയ്യാറാക്കി തുക ചെലവഴിക്കാത്തതിനാൽ ലാപ്സായി പോയിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം വിവിധ പ്രോജക്ടുകൾക്കായി സർക്കാർ നേരിട്ടു കുറവുവരുത്തുന്ന തുക കഴിഞ്ഞുള്ള വിഹിതമാണ് അലോട്ട്മെന്റ് പ്രകാരം ലഭിക്കുന്നത്. ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ലഭിക്കുന്നതും അതാത് സാമ്പത്തിക വർഷം ലാപ്സാകാത്തതുമായ ധനകാര്യകമ്മീഷൻ ഗ്രാന്റ്, ഹെൽത്ത്

ഗ്രാന്റ് എന്നിവയൊഴികെ ഇപ്രകാരം 2023-24 സാമ്പത്തിക വർഷം ആകെ ലഭിച്ചത് 6.37 കോടി രൂപയാണ്. ഇതിൽ 3.63 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഇത് പ്രകാരം ആകെ വരവിന്റെ 42.94% വരുന്ന 2.74 കോടി രൂപ ലാപ്സായിപ്പോയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	ഗ്രാന്റിനം	ലഭിച്ച തുക	ചെലവഴിച്ച തുക	ലാപ്സായ തുക	ലാപ്സായതിന്റെ %
1	വികസന ഫണ്ട്-ജനറൽ	23550000	17280182	6269818	26.62%
2	വികസന ഫണ്ട് -എസ്.സി.പി	14232000	11082171	3149829	22.13%
3	വികസന ഫണ്ട് -ടി.എസ്.പി	0	0	0	0
4	മെയിന്റനൻസ് ഗ്രാന്റ്- റോഡ്	20973350	4783305	16190045	77.19%
5	മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്	4974000	3218907	1755093	35.29%
	ആകെ	**63729350**	**36364565**	**27364785**	**42.94%**

മാർച്ച് മാസം അവസാനം ട്രഷറി നിയന്ത്രണങ്ങൾ മൂലം ബില്ലുകൾ കൃത്യവിലായത് ചെലവ് കുറഞ്ഞതിന് കാരണമാണെങ്കിലും പദ്ധതി പ്രവർത്തനങ്ങൾ കൃത്യമായ മുന്നൊരുക്കമില്ലാതെ ധനകാര്യ വർഷാവസാനത്തിലേക്ക് നീളാൻ അനുവദിച്ചത് ഫണ്ട് ലാപ്സാകാൻ പ്രധാനകാരണമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ലഭിച്ച ആകെ വരവിന്റെ 42.94% തുകയും ചെലവഴിക്കപ്പെടാതെ ലാപ്സായത് പദ്ധതി നിർവ്വഹണത്തിലും മോണിറ്ററിംഗിലും വന്നിട്ടുള്ള വീഴ്ചയാണ്. അനുവദിക്കപ്പെട്ട ഫണ്ട് നഷ്ടമാകുന്നത് പഞ്ചായത്തിന്റെ സർവ്വതോന്മുഖ വികസനത്തിന് തടസ്സമാകുമെന്നതിനാൽ ഭാവിയിൽ തദ്ദേശ

സ്വയംഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണ, മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തി പ്രോജക്ട് നടത്തിപ്പിൽ കൂടുതൽ കാര്യക്ഷമത കൈവരിക്കേണ്ടതും ഓരോ ഇനത്തിലും ലഭിക്കുന്ന പദ്ധതി തുക ലാപ്സാക്കാതെ പൂർണ്ണമായി ചെലവഴിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

1–37 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ ഹരിത കർമ്മ സേനയിലൂടെ – അവലോകനം

1) ഹരിത കർമ്മ സേനയുടെ പ്രസക്തിയും ലക്ഷ്യവും

ശുചിത്വം, മാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി പൊതുജനാരോഗ്യം സംരക്ഷിക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. മണ്ണ്, ജലം, വായു എന്നിവയുടെ വൃത്തിയും ശുചിത്വവും നിലനിർത്തേണ്ടതും, പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതികളും ശീലങ്ങളും പൊതുജനങ്ങളിൽ വളർത്തേണ്ടതും പ്രദേശിക സർക്കാരുകളുടെ ഉത്തരവാദിത്തമാണ്. ഇതിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തൊട്ടാകെ അതിരൂക്ഷമായ രീതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന മാലിന്യപ്രശ്നത്തിന് പരിഹാരം കാണുന്നതിനാണ് ഹരിത കർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്.

സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുസൃതമായി മാലിന്യ ശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുന്നതിലൂടെ മാലിന്യപ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരമുണ്ടാക്കുകയും, അതോടൊപ്പം അവയിൽ നിന്ന് വരുമാനം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

2) ഹരിത കർമ്മ സേനയുടെ പ്രവർത്തനം

പഞ്ചായത്തിനെ പ്ലാസ്റ്റിക്ക് മാലിന്യത്തിൽ നിന്നും മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2018 കാലയളവിൽ

30 അംഗങ്ങൾ ഉള്ള ഹരിത കർമ്മ സേന രൂപീകരിച്ച് ഐ ആർ ടി സി യെ കൺസൾട്ടൻസി ആയി നിശ്ചയിക്കുകയും ചെയ്തു. നിലവിൽ 38 അംഗങ്ങൾ ഉണ്ട് .

അജൈവമായ മാലിന്യങ്ങൾ വാതിൽപ്പടിയിൽ നിന്നും ശേഖരിച്ച് തരം തിരിക്കുന്നതിനുള്ള പരിശീലനം ഹരിത കർമ്മ സേനാംഗങ്ങൾക്കും, എന്റെ മാലിന്യം എന്റെ ഉത്തരവാദിത്ത്വം എന്ന അവബോധം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഉള്ളവർക്ക് ഉണ്ടാകത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഏറ്റെടുക്കുന്നതിനായി യൂസർ ഫീ ആയി വീടുകളിൽ നിന്നും നിലവിൽ 50/- രൂപയും സ്ഥാപനങ്ങളിൽ നിന്നും 100/-രൂപയും ഈടാക്കുന്നു.
19 വാർഡുകളിലായി ആകെ 35 എം സി എഫ് ഉണ്ട്. എം സി എഫ് ൽ സംഭരിക്കുന്ന അജൈവ മാലിന്യം ക്ലീൻ കേരള കമ്പിനിക്ക് കൈമാറുന്ന പ്രവർത്തി കൃത്യമായി നടന്നു വരുന്നു. അജൈവ മാലിന്യം വിൽപ്പന നടത്തിയ ഇനത്തിൽ ലഭിക്കുന്ന തുക ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു.

സേനയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, വി.ഇഒ, കുടുംബശ്രീ ചെയർപേഴ്സൺ, മുതലായ അംഗങ്ങൾ ഉൾപ്പെട്ട സമിതി പ്രവർത്തിക്കുന്നു. ടി സമിതി ഓരോ മാസവും സേനയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

3) പരിശീലനം ലഭിച്ചതിന്റെ വിവരം

ഹരിത കർമ്മ സേനയുടെ രൂപീകരണ സമയത്ത് പ്ലാസ്റ്റിക് സമൂഹത്തിന് ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ, ഇവയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പെയിൻ, ജൈവ - അജൈവ മാലിന്യങ്ങൾ കൃത്യമായി തരം തിരിക്കുക എന്നിവയുമായി ബന്ധപ്പെട്ട് ഐ.ആർ.ടി.സി. മുഖേന

പരിശീലനം നൽകിയിരുന്നു.

4) മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായി ആകെ വീടുകളും വ്യാപാര സ്ഥാപനങ്ങളുമുണ്ട്. ഹരിത കർമ്മ സേനയുടെ 2023-24 വർഷത്തെ കളക്ഷൻ റിപ്പോർട്ട് പ്രകാരം ഏകദേശം 8971 വീടുകളും 852 സ്ഥാപനങ്ങളും യൂസർ ഫീ നൽകി ഗ്രാമപഞ്ചായത്തിന്റെ മാലിന്യ ശേഖരണ യജ്ഞവുമായി സഹകരിക്കുന്നുണ്ട്. വാർഡുകളെ റീജിയനോ ക്ലസ്റ്ററോ ആക്കി തിരിച്ചിട്ടില്ല. പ്രതിമാസം ശരാശരി 10 ടൺ വരെ മാലിന്യം ശേഖരിക്കപ്പെടുന്നു. ശേഖരിക്കുന്ന എല്ലാ മാലിന്യങ്ങളും ഉറവിടത്തിൽത്തന്നെ വേർതിരിക്കുകയും റീസൈക്ലിംഗ് ചെയ്യാൻ സാധിക്കാത്ത ലെഗസി (എം.എൽ.പി) വേസ്റ്റുകൾ പ്രത്യേകം സൂക്ഷിക്കുകയും ചെയ്യുന്നു. മിനി എം സി എഫുകളിൽ നിന്നും പ്രധാന എം സി എഫിൽ മാലിന്യം എത്തിക്കുന്നതിനായി ഇലക്ട്രിക്ക് വാഹനം വാങ്ങിയിട്ടുണ്ട്. ഇത് കൃത്യമായി ഉപയോഗിക്കുന്നു. ഹരിത കർമ്മ സേനാംഗം തന്നെയാണ് വാഹനം ഓടിക്കുന്നത്.

5) ലെഗസി വേസ്റ്റുകളുടെ നിർമ്മാർജ്ജനം

കൃത്യ സമയത്തു തന്നെ മാലിന്യങ്ങൾ കയ്യൊഴിയുന്നതിനാൽ ലെഗസി വേസ്റ്റിന്റെ പ്രശ്നം പഞ്ചായത്തിനെ ബാധിക്കുന്നില്ല.

6) മെറ്റീരിയൽ കളക്ഷൻ സെന്ററുകളുടെ അപര്യാപ്തത

വിവിധ വാർഡുകളിൽ നിന്നും പ്രതിമാസം 10 ടണ്ണോളം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ഇവ സൂക്ഷിക്കുന്നതിന് ആവശ്യമായ സംഭരണ കേന്ദ്രങ്ങൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും സൌകര്യം അപര്യാപ്തമാണ്. പഞ്ചായത്തിനോട് അനുബന്ധിച്ച കെട്ടിടത്തിന്റെ മുകൾ നിലയിലാണ് എം സി എഫ് പ്രവർത്തിക്കുന്നത്. നിലവിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് 19 വാർഡുകളിൽ 35

മിനി എം സി എഫും പഞ്ചായത്ത് തലത്തിൽ 3650 ച.അടി വിസ്തീർണ്ണമുള്ള ഒരു സ്ഥിരം എം.സി.എഫ് ഉണ്ട്.

7) ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ പ്രവർത്തനം

പഞ്ചായത്തിലെ 38 ഹരിത കർമ്മ സേന പ്രവർത്തകരെ ഏകോപിപ്പിച്ച് ഹരിതകർമസേന കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ഹരിതകർമ്മസേന കൺസോർഷ്യം രൂപീകരിച്ചിട്ടുള്ളത്. അജൈവ മാലിന്യ ശേഖരണം മുതൽ അവ തരംതിരിച്ച് വിപണനം നടത്തുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ഹരിത സംരംഭകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുകയുമാണ് ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ പ്രധാന കർത്തവ്യം. കൺസോർഷ്യത്തിന്റെ നോഡൽ ഓഫീസർ അസിസ്റ്റന്റ് സെക്രട്ടറിയും ചാർജ് ഓഫീസർ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമാണ്.

വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് ഹരിത കർമ്മ സേന മുഖേന വിവാഹ ആവശ്യങ്ങൾക്ക് പാത്രം മുതലായവ വാടകയ്ക്ക് നല്കി വരുന്നു. സേനയിലെ ഓരോ അംഗത്തിനും പ്രതിമാസം ശരാശരി 9248/- രൂപ വേതനം ലഭിക്കുന്നു.

8) ഓഡിറ്റിന്റെ നിഗമനം/ശുപാർശ

A) പേപ്പർ, തുണി ക്യാരി ബാഗുകളുടെ ഉപയോഗം പ്രത്സാഹിപ്പിക്കുക. കൺസോർഷ്യത്തിന്റെ കീഴിൽ ഇത്തരം ക്യാരി ബാഗ് ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

B) ശുചിത്വ മിഷന്റെ വാർഷിക കലണ്ടർ പ്രകാരം ഓരോ മാസവും കൃത്യമായ ഇടവേളകളിൽ എല്ലാത്തരം മാലിന്യങ്ങളും ശേഖരിക്കുക.

C) ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവ് അനുസരിച്ച് ഓരോ വാർഡിലും ആവശ്യമായ എണ്ണം മിനി എം.സി.എഫുകളും പഞ്ചായത്ത് തലത്തിൽ സംഭരണ ശേഷി കൂടിയ എം.സി.എഫുകളും സ്ഥാപിക്കുക, മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക.

D) പുനരുപയോഗ്യമല്ലാത്ത ലെഗസി മാലിന്യങ്ങളുടെ ഉല്പാദനവും ഉപയോഗവും നിർത്തലാക്കുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുക. ഇവയുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക. തുണി സഞ്ചികൾ, പേപ്പർ ക്യാരി ബാഗുകൾ എന്നിവയുടെ ഉൽപ്പാദനവും ഉപയോഗവും പരമാവധി പ്രോത്സാഹിപ്പിക്കുക.

മേൽ നടപടികളിലൂടെ ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ചിട്ടയായതും നിരന്തരവുമായ ഇടപെടൽ ആവശ്യമാണ്.

ഭാഗം –2

വരവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2–1 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

എ) വിസ്തീർണ്ണത്തിനനുസൃതമായ വസ്തുനികുതി നിർണ്ണയിച്ചില്ല

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ ത.സ്വ.ഭ.വ.യിലെ വസ്തുനികുതി പരിഷ്കരണ നിർദ്ദേശ പ്രകാരം 100 ച.മീറ്ററിൽ താഴെയുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 40/- രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളുടെ നികുതി ച.മീറ്ററിന് 50/- രൂപയുമായി നികുതി നിശ്ചയിച്ച് പാലമേൽ ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ താഴെപ്പറയുന്ന വാണിജ്യ കെട്ടിടത്തിന് 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുണ്ടെങ്കിലും 100 ച.മീറ്ററിൽ താഴെയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ച.മീറ്ററിന് 40/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. (ഒരാളുടെ ഉടമസ്ഥതയിൽ A, B.... എന്നിങ്ങനെ വിവിധ നമ്പർ നൽകിയവ ഒരേ കെട്ടിടത്തിന്റെ തന്നെ ഭാഗമായ വ്യത്യസ്ത മുറികളാണ്) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഉടമസ്ഥന്റെ പേര്	വാർഡ്, കെട്ടിടനം.	വിസ്തീർണ്ണം (ച.മീ.)	ചുമത്തിയ നികുതി @40+20% (വഴി)-10% (മേഖല)	ചുമത്തേണ്ട നികുതി (@50+20% (വഴി)-10%(മേഖല)	നികുതി ഈടാക്കിയതിലെ ആകെ കുറവ്
ശിവശങ്കരക്കുറുപ്പ്/ഗിരിജ	12/636 B	9.64	424	530	106
	12/636 C	19.88	875	1093	218

	12/636 D	50.33	2215	2768	553
	12/636 E	9.64	424	530	106
	12/636 F	21.77	958	1197	239
	12/636 G	51.13	2249	2812	563
	ആകെ	**162.39**	**7145**	**8930**	**1785/-**
ലക്ഷ്മി.എസ്	19/12 B	25.85	1137	1422	285
	19/12 C	29.16	1283	1604	321
	19/12 D	28.33	1247	1558	311
	19/12 E	25.85	1137	1422	285
	19/12 F	29.16	1283	1604	321
	19/12 G	28.33	1247	1558	311
	ആകെ	**166.68**	7334	9168	**1834/-**

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/5.12.2024) മറുപടി ലഭ്യമാക്കിയില്ല. സ്ഥല പരിശോധന നടത്തി നികുതി പുനർനിർണ്ണയിച്ച്

അറിയിക്കാത്തപക്ഷം നഷ്ടം (3619/-) സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

ബി) മേൽത്തരം തറ നിർമ്മിതിയ്ക്ക് ബാധകമായ നികുതി വർദ്ധനവ് വരുത്തിയില്ല

250 ച.മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള മേൽത്തരം തറനിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയുടെ 15% വർദ്ധനവ് വരുത്തേണ്ടതുണ്ട്. ഒന്നാം വാർഡിൽ ഒരാളുടെ ഉടമസ്ഥയിലുള്ളതും വിഭജിച്ച് വിവിധ നമ്പർ നൽകിയതുമായ ഒരു ഷോപ്പിംഗ് കോംപ്ലക്സിൽ ബേബി ഹഗ്, ജിംനേഷ്യം തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായും മേൽത്തരം തറനിർമ്മിതിയുള്ളതായും ഓഡിറ്റ് വേളയിൽ നടത്തിയ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടി ഷോപ്പിംഗ് കോംപ്ലക്സിന് ഇപ്രകാരമുള്ള നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല.

ഉടമസ്ഥന്റെ പേര്	വാർഡ്, കെട്ടിട നം.	വിസ്തീർണ്ണം (ച.മീ.)	ചുമത്തിയ നികുതി @90+20%(വഴി)	ചുമത്തേണ്ട നികുതി (@90+20% (വഴി)+15% (മേൽത്തരം തറനിർമ്മിതി)	നികുതി ഈടാക്കിയതിലെ ആകെ കുറവ്
വൃന്ദ.എസ്	1/128 G	128.95	13927	15667	1740
	1/128 H	135.25	14607	16433	1826
	1/128 I	57.77	6239	7019	780
	1/128 J	95.83	10350	11643	1293

1/128 K	132.52	13597*	15297*	1700
1/128 L	150.6	15452*	17383*	1931
1/128 M	70.06	7188*	8087*	899
1/128 N	97.61	10015*	11267*	1252
ആകെ	**868.59**	**91375**	**102796**	**11421/-**

*ബഹുനില നിർമ്മിതിയ്ക്കുള്ള 5% ഇളവ് കുറവ് ചെയ്തത്.

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/5.12.2024) മറുപടി ലഭ്യമാക്കിയില്ല. സ്ഥല പരിശോധന നടത്തി നികുതി പുനർനിർണ്ണയിച്ച് അറിയിക്കാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

2-2 ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് നിയമാനുസൃതമുള്ള നികുതി വർദ്ധന വരുത്തിയില്ല

(എ) കേന്ദ്രീകൃത ശീതീകരണ സംവിധാനമുള്ള ഷോപ്പിംഗ് കോംപ്ലക്സിന് നികുതി വർദ്ധനവ് വരുത്തിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം കേന്ദ്രീകൃത ശീതീകരണ സംവിധാനമുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ 10% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ 1-ാം വാർഡിൽ പാറ ജംഗ്ഷന് സമീപം സ്ഥിതി ചെയ്യുന്ന 1282.52 ച.മീറ്റർ വിസ്തീർണ്ണമുള്ള 'ടെൻഡ്സ്' എന്ന സ്ഥാപനം പ്രവർത്തിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിൽ (I/2B) കേന്ദ്രീകൃത ശീതീകരണ സംവിധാനം ഉള്ളതായി ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടെങ്കിലും ആയതിന് ബാധകമായ 10% നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

ഉടമസ്ഥന്റെ പേര്	വാർഡ്, കെട്ടിട നം.	വിസ്തീർണ്ണം (ച.മീ.)	ചുമത്തിയ നികുതി(@90+വഴി-20%,+തറ നിർമ്മിതി - 15%)	ചുമത്തേണ്ട നികുതി (@90+വഴി-20%+തറ നിർമ്മിതി - 15%+ശീതീകരണം-10%)	നികുതിയിലുണ്ടായ കുറവ്
ഉത്തമൻ, മോഹനൻ	1/ 2 B	1282.52	155826	167369	11543
	ആകെ	**1282.52**	**155826**	**167369**	**11543/-**

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/5.12.2024) മറുപടി ലഭ്യമാക്കിയില്ല. സ്ഥല പരിശോധന നടത്തി നികുതി പുനർനിർണ്ണയിച്ച് അറിയിക്കാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

ബി) മേൽത്തരം തറ നിർമ്മിതിയ്ക്കും കേന്ദ്രീകൃത ശീതീകരണ സംവിധാനത്തിനും ബാധകമായ വർദ്ധനവ് വരുത്തിയില്ല

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ ത.സ്വ.ഭ.വ.യിലെ വസ്തുനികുതി പരിഷ്കരണ നിർദ്ദേശ പ്രകാരം 250 ച.മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള മേൽത്തരം തറനിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയുടെ 15% വർദ്ധനവ് വരുത്തേണ്ടതുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവനഉപനികുതിയും

സർച്ചാർജ്ജം) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം കേന്ദ്രീകൃത ശീതീകരണ സംവിധാനമുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ 10% വർദ്ധനവ് വരുത്തേണ്ടതുണ്ട്. താഴെപ്പറയുന്ന ഒരാളുടെ ഉടമസ്ഥയിലുള്ളതും വിഭജിച്ച് വിവിധ നമ്പർ നൽകിയതും എസ്.ബി.ഐ നൂറനാട് ശാഖ പ്രവർത്തിക്കുന്നതുമായ ഷോപ്പിംഗ് കോംപ്ലക്സിന് മേൽത്തരം തറനിർമ്മിതിയും കേന്ദ്രീകൃത ശീതീകരണ സംവിധാനവും ഉള്ളതായി ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സഞ്ജയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ടി കെട്ടിടത്തിന് നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല.

ഉടമസ്ഥന്റെ പേര്	വാർഡ്, കെട്ടിട നം.	വിസ്തീർണ്ണം (ച.മീ.)	അടിസ്ഥാന നികുതി	ചുമത്തിയ നികുതി @50+20%(വഴി)	ചുമത്തേണ്ട നികുതി (@50+20% (വഴി)+15% (മേൽത്തരം തറനിർമ്മിതി)+10% (ശീതീകരണം)	നികുതി ഈടാക്കിയതിലെ ആകെ കുറവ്
വിഷ്ണു.ബി.ഗുപ്തൻ	1/541 A	52.18	2609	3131	3783	652
	1/541 B	237.75	11887.5	14265	17237	2972
	1/541 C	63.98	3199	3839	4639	800
	1/541 D	173.91	8695.5	10435	12608	2173
	1/541 E	249.54	12477	14224*	*17187	2963

1/541 F	63.98	3199	3647*	4407*	760
ആകെ	**841.34**		**49541**	**59861**	**10320/-**

*ബഹുനില നിർമ്മിതിയ്ക്കുള്ള 5% ഇളവ് കുറവ് ചെയ്തത്.

(പ്രാബല്യം - 2023 ആദ്യ പകുതി മുതൽ)

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.30/6.12.2024) മറുപടി ഹാജരാക്കിയില്ല. വസ്തുനികുതി പുന:പരിശോധിച്ച് അർഹമായ നികുതി വർദ്ധനവ് വരുത്തി അറിയിക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല 27,500/- രൂപയുടെ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ,കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2023-24ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2023-24വർഷത്തെ സ്ഥാപന തൊഴിൽനികുതി ഒടുക്കിയിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേക്ഷണത്തിന് (നം. 1/02.12.2024,10/20.11.24) മറുപടി ലഭ്യമാക്കിയില്ല.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ വിശദാംശം	അർദ്ധവർഷം	ഈടാക്കേണ്ട സ്ഥാപന

			തൊഴിൽനികുതി
1	മുത്തൂറ്റ് ഫിൻ കോർപ്പ്, നൂറനാട്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
2	മുത്തൂറ്റ് ഫിൻ കോർപ്പ്, കുടശനാട്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
3	കൊപ്പാറയിൽ ഫൈനാൻസിയേഴ്സ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
4	പാർവണേന്ദ ഫൈനാൻസിയേഴ്സ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
5	സംഗമം ഫൈനാൻസിയേഴ്സ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
6	എൻ.സി.എസ് ഫൈനാൻസിയേഴ്സ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
7	കേച്ചേരി ചിറ്റസ് പ്രൈവറ്റ് ലിമിറ്റഡ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
8	ഇടവന ഫിനാൻസ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500

9	റോയൽ ഫിനാൻസിയേഴ്സ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
10	ഗീതം ഫിനാൻസിയേഴ്സ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
11	പൂവംപള്ളിൽ ഫിനാൻസിയേഴ്സ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2=2500
ആകെ			27,500 /-

ഈടാക്കാനവശേഷിക്കുന്ന സ്ഥാപന തൊഴിൽ നികുതിയായ 27,500/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് അർഹമായ നികുതികൾ ഡിമാൻഡ് ചെയ്തീടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്ഥിരം സമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.

2-4 വിനോദനികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 9,28,841/- രൂപയുടെ നഷ്ടം

പാലമേൽ ഗ്രാമ പഞ്ചായത്തിൽ സ്വാതി എന്ന സിനിമ തിയറ്റർ പ്രവർത്തിച്ചു വരുന്നുണ്ട്.1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200 പ്രകാരം വിനോദ നികുതി പിരിച്ചെടുക്കേണ്ട ഉത്തരവാദിത്വം പഞ്ചായത്തിൽ നിക്ഷിപ്തമാണ്. ചരക്ക് സേവനനികുതി (ജി.എസ്.റ്റി) ഏർപ്പെടുത്തിയ ശേഷം തീയേറ്റർ ഉടമകൾ ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി 16-11-2019 മുതൽ വിനോദനികുതി കേരള ഫിനാൻസ് ആക്ട് 2019 പ്രകാരം ഒടുക്കേണ്ടതായിട്ടുണ്ട്. സ.ഉ(കൈ)112/2019 /ത.സ്വ.ഭ.വ./31-08-2019 പ്രകാരം നൂറ് രൂപയിൽ കുറവ് വിലയുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവും 100/-

രൂപയ്ക്ക് മുകളിൽ വിലയുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവുമാണ് ഈടാക്കേണ്ട വിനോദനികുതി നിരക്ക്. ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിലാണ് വിനോദനികുതി ഒടുക്കേണ്ടത് വിനോദ നികുതി സംബന്ധിച്ച ലെഡ്ജറും ബാങ്ക് സ്റ്റേറ്റുമെന്റുകളും പരിശോധിച്ചതിൽ പാലമേൽ ഗ്രാമപഞ്ചായത്തിലെ സ്വാതി തീയേറ്ററിൽ നിന്നും ഈ സാമ്പത്തിക വർഷം 15,61,438/- രൂപ തീയേറ്റർ ഉടമ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് സാമ്പത്തിക വർഷം ലഭ്യമായ വിനോദനികുതിയുടെ വിവരം ചുവടെ പട്ടിക -1 ൽ ചേർക്കുന്നു.

പട്ടിക -1

തീയതി	കോഡ്	രസീത് നം.	തുക
22-05-2023	450210102	1230100521	56,887
05-06-2023	450210102	1230100690	2,37,468
31-03-2024	450210101	1230000358	11,60,946
31-03-2024	450210101	1230000362	1,06,137
ആകെ			15,61,438 /-

വിനോദനികുതിയുടെ വിവരങ്ങൾ ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (നം-6/2.12.24) 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റ് മാത്രമേ വിൽക്കുന്നുള്ളൂ എന്നും ആയത്പ്രകാരം മാർച്ച് 2023 മുതൽ തീയേറ്റർ ഉടമ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുകൾ സഹിതം വിശദീകരണം (കത്ത് നം.എസ്.സി2-5698/2024) നൽകി. 2023-24 സാമ്പത്തിക വർഷം മാർച്ച് 2023 മുതൽ ഫെബ്രുവരി 2024 വരെയുള്ള മാസങ്ങളിലെ

വിനോദ നികുതി തീയേറ്റർ ഉടമ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടെങ്കിലും സർക്കാർ ഉത്തരവ് പ്രകാരം 8.5 ശതമാനം വിനോദ നികുതി ഒടുക്കണമെന്നിരിക്കെ 8.5 ശതമാനത്തിലും കുറഞ്ഞ തുകയാണ് ഒടുക്കിയത് കൂടാതെ ഒടുക്കിയ നികുതി നിർദ്ദിഷ്ട തീയതിക്ക് ശേഷമാണ് ഒടുക്കിയതെന്നും കാണുന്നു.
തീയേറ്റർ ഉടമയിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുകൾ പ്രകാരം 2023-24 സാമ്പത്തിക വർഷം ചുവടെ ചേർക്കും പ്രകാരം 24,59,051/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതാണ്.ചുവടെ ചേർത്തിട്ടുള്ള പട്ടിക 2 -ൽ വിനോദ നികുതി ഈടാക്കിയതിലെ കുറവ് വിശദമാക്കുന്നു.

പട്ടിക -2

ക്രമ നം.	മാസം	ഉടമ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അടിസ്ഥാന തുക(നെറ്റ് പ്രൈസ്)	ഉടമ പഞ്ചായത്തിൽ ഈടാക്കിയ വിനോദ നികുതി	ഈടാക്കേണ്ടിയിരുന്ന വിനോദ നികുതി @ 8.5% (ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള(നം-6/2.12.24) മറുപടിയിൽ 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റ് മാത്രമേ വിൽക്കുന്നുള്ളൂ)	വിനോദ നികുതി ഈടാക്കിയതിലെ കുറവ്
1	മാർച്ച് 2023	6,63,520.35	33197.43	56,399.23	23201.8
2	എപ്രിൽ 2023	11,37,003.24	56,887.56	96,645.25	39757.69
3	മെയ്2023	47,45,978.08	2,37,468	4,03,408.13	165940.13
4	ജൂൺ 2023	9,62,748.22	48168.3	81,833.59	33665.29

5	ജൂലൈ 2023	11,58,602.23	57969.39	98,481.19	40511.8
6	ആഗസ്റ്റ് 2023	39,25,188.69	196398.33	3,33,641	137242.67
7	സെപ്റ്റംബർ 2023	27,38,922.69	137042.73	2,32,808.43	95765.7
8	ഒക്ടോബർ 2023	34,67,093.99	173477.79	2,94,702.99	121225.2
9	നവംബർ 2023	19,10,190.71	95572.59	1,62,366.21	66793.62
10	ഡിസംബർ 2023	26,03,552.24	130269.36	2,21,301.94	91032.58
11	ജനുവരി 2024	22,20,378.44	111093.48	1,88,732.16	77638.68
12	ഫെബ്രുവരി 2024	33,96,831.86	283893.48	2,88,730.71	4837.23
ആകെ		2,89,30,010.74/-	15,61,438 /-	24,59,051 /-	8,97,612/-

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 ഇ പ്രകാരം (28-03-2023 ലെ നമ്പർ 15(2) ലെഗ്.എ2/2023 /നിയമം വിജ്ഞാപന പ്രകാരം) ഗ്രാമപഞ്ചായത്തിന് നിയമാനുസൃതമായ ഏതെങ്കിലും തുക അത്

നൽകേണ്ടതായ തീയതിയിൽ നൽകാത്തപക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള പലിശ വസൂലാക്കേണ്ടതാണ്.പട്ടിക -3 പ്രകരം ഒടുക്കിയ നികുതി തുകയെല്ലാം തൊട്ടടുത്ത മാസം 3 ന് ശേഷമാണ് ഒടുക്കിയതെങ്കിലും പിഴപലിശ ഈടാക്കാത്തതു വിശദീകരിക്കുന്നു.

പട്ടിക -3

ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വിനോദ നികുതി പഞ്ചായത്തിൽ ഒടുക്കിയ തീയതി	മാസം	ഉടമ പഞ്ചായത്തിൽ ഒടുക്കിയ വിനോദ നികുതി	പിഴ പലിശ ഒടുക്കേണ്ട മാസങ്ങൾ	പിഴ പലിശ
26-04-23	മാർച്ച് 2023	33197.43	1	663.94
22-05-2023	എപ്രിൽ 2023	56,887.56	1	1137.75
05-06-2023	മെയ് 2023	2,37,468	1	4749.36
24-07-2023	ജൂൺ 2023	48168.3	1	963.36
24-08-2023	ജൂലൈ 2023	57969.39	1	1159.39
20-09-2023	ആഗസ്റ്റ് 2023	196398.33	1	3927.97
12-10-2023	സെപ്റ്റംബർ 2023	137042.73	1	2740.85
23-11-2023	ഒക്ടോബർ 2023	173477.79	1	3469.56
26-12-2023	നവംബർ	95572.59	1	1911.45

	2023			
30-01-2024	ഡിസംബർ 2023	130269.36	1	2605.39
23-02-2024	ജനുവരി 2024	111093.48	1	2221.87
25-03-2024	ഫെബ്രുവരി 2024	283898.48	1	5677.97
ആകെ				31,229 /-

പട്ടിക 2,3 എന്നിവ പ്രകാരം വിനോദനികുതിയിൽ ഈടാക്കേണ്ടിയിരുന്ന തുക പിഴ പലിശ ഉൾപ്പടെ 24,90,280/- രൂപ (24,59,051/- + 31,229/-) ആയിരുന്നു.

തീയറ്റർ ഉടമ എല്ലാ മാസവും നികുതി പഞ്ചായത്തിൽ E-പെയ്മെന്റായി ഒടുക്കുന്നുണ്ടെങ്കിലും ഇവയുടെ രേഖപ്പെടുത്തൽ ഇല്ലാത്തതും ആയതിന്റെ നിരീക്ഷിണം നടത്താത്തും സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/06.12.24) നികുതിയിൽ വന്ന വ്യത്യാസത്തെക്കുറിച്ച് അറിവില്ലായിരുന്നുവെന്നും തുക ഇനി ഈടാക്കാൻ സാധ്യമല്ലായെന്നും മറുപടി ലഭ്യമാക്കി. പരാമർശിച്ചിരിക്കുന്ന ഉത്തരവ് 2019 -ൽ പുറപ്പെടുവച്ചിരിക്കെ 2023-24 വർഷവും നികുതിയെക്കുറിച്ച് അറിവില്ലായെന്ന പറയുന്നതു അംഗീകരിക്കാൻ കഴിയുകയില്ല. 150/-, 250/- രൂപ നിരക്കിൽ ടിക്കറ്റ് വിറ്റിട്ടും ഇനി ഈടാക്കാൻ സാധ്യമല്ലായെന്ന പറയുന്നതു യുക്തിസഹമല്ല.

ആയതിനാൽ വിനോദനികുതിയിൽ കുറവു വന്ന തുക 9,28,841/- രൂപ (8,97,612/- + 31,229/-) പിഴ പലിശ ഉൾപ്പടെ ബന്ധപ്പെട്ട തീയേറ്റർ ഉടമയിൽ നിന്ന് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നികുതി ഇനത്തിൽ കുറവു വന്ന തുക ഈടാക്കാത്ത പക്ഷം ബന്ധപ്പെട്ട

സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതായിരിക്കും.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിൻറെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2023-24	109635	പാലിന് സബ്സിഡി(ജനറൽ)	109635	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	1200000	16/24-ലൈഫ് ഭവന നിർമ്മാണം (ജനറൽ)	1200000	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	960000	20/24-ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി)	960000	0

ബ്ലോക്ക് പഞ്ചായത്ത്	2023-24	2080000	18/24- ലൈഫ് ഭവന നിർമ്മാണം (പട്ടികജാതി വിഭാഗം)	2080000	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	199787	02/24-അന്നപൂരക പോഷകാഹാരം (പട്ടികജാതി വിഭാഗം)	199787	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	151410	01/24- അന്നപൂരക പോഷകാഹാരം (പൊതു വിഭാഗം)	151410	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	222100	03/24-ഭിന്ന ശേഷി സ്കോളർഷിപ്പ് വിതരണം	222100	0
ആകെ	**2023-24**	**4922932**		**4922932**	
ജില്ലാ പഞ്ചായത്ത്	2023-24	150000	പാലിന് സബ്സിഡി(ജനറൽ)	150000	0
ജില്ലാ പഞ്ചായത്ത്	2023-24	200000	18/24- ലൈഫ് ഭവന നിർമ്മാണം (പട്ടികജാതി വിഭാഗം)	200000	0
ജില്ലാ പഞ്ചായത്ത്	2023-24	138500	01/24- അന്നപൂരക പോഷകാഹാരം (പൊതു വിഭാഗം)	138500	0
ജില്ലാ പഞ്ചായത്ത്	2023-24	136000	03/24-ഭിന്ന ശേഷി സ്കോളർഷിപ്പ് വിതരണം	136000	0
ആകെ	**2023-24**	**624500**		**624500**	

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ്ഭവന നിർമ്മാണ പദ്ധതി	KURDFC	25520000	20765591	5098408		41187183

4-5 സ്ഥിര നിക്ഷേപം

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

ഇല്ല.

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	1,45,418,841
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	100,398,006

വരവിനങ്ങളിലുള്ള നഷ്ടം	:	993,244/-
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	2462781

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	വരവിനങ്ങളിലെ നഷ്ടം (രൂപ)	ചെലവിനങ്ങളിലെ നഷ്ടം(രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
2-1 (1-10)	15040	-	ദീപ്തി നായർ സെക്രട്ടറി
2-2 (1-13)	21863	-	ദീപ്തി നായർ സെക്രട്ടറി
2-3 (1-15)	27,500	-	അനിൽ കുമാർ എസ് , സെക്രട്ടറി -ഇൻ ചാർജ്ജ്
2-4 (1-16)	9,28,841	-	ദീപ്തി നായർ സെക്രട്ടറി-Rs452921/- അനിൽ കുമാർ എസ് , സെക്രട്ടറി -ഇൻ ചാർജ്ജ്-

				Rs.396060/- പ്രശാന്ത് എ.ജെ., സെക്രട്ടറി -ഇൻ ചാർജ്ജ്- Rs.79860/-
	ആകെ	993,244/-	-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-20	47500	പ്രവീൺ.പി., വി. ഇ. ഒ, സർക്കിൾ 2
1-21	183560	പ്രശാന്ത് എ.ജെ,അസിസ്റ്റന്റ് സെക്രട്ടറി
1-22	308760	നീതു രാജശേഖരൻ, കൃഷി ഓഫീസർ
1-24	805000	പ്രവീൺ.പി, വി. ഇ. ഒ, സർക്കിൾ 2
1-25	39265	ജയശ്രീ.എൽ, അസിസ്റ്റന്റ് എഞ്ചിനീയർ
1-28	124822	പ്രശാന്ത് എ.ജെ., അസിസ്റ്റന്റ് സെക്രട്ടറി
1-30	484902	അനിൽ കുമാർ എസ്, സെക്രട്ടറി-ഇൻ ചാർജ്ജ്
1-31	301823	ഡോ.ശ്രീജ.കെ.ഒ, മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം
1-32	40149	ഡോ.വി.സജീവ്, മെഡിക്കൽ ഓഫീസർ,

		ഹോമിയോ
1-33	127000	പ്രശാന്ത് എ.ജെ., സെക്രട്ടറി-ഇൻ ചാർജ്ജ്
ആകെ	2462781	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി ദീപ്തി നായർ സെക്രട്ടറി	സെക്രട്ടറി കാവാലം ഗ്രാമപഞ്ചായത്ത്	പുത്തൻ കണ്ടത്തിൽ, മുതുകുളം പി.ഒ, കായംകുളം,ആലപ്പുഴ.
പ്രശാന്ത് എ.ജെ. അസിസ്റ്റന്റ് സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി പാലമേൽ ഗ്രാമ പഞ്ചായത്ത്	വിനായകം മറ്റപ്പള്ളി

		ന്യറനാട് പി.ഒ
നീതു രാജശേഖരൻ.പി, കൃഷി ഓഫീസർ	കൃഷി ഓഫീസർ തുറവൂർ ഗ്രാമപഞ്ചായത്ത്	ഇടവനാട്ട് ചമ്പക്കാട്ട് , നെല്ലിമംഗലം, പട്ടണക്കാട് പി.ഒ. , ചേർത്തല , ആലപ്പുഴ 688531
പ്രവീൺ.പി., വി.ഇ.ഒ	വി.ഇ.ഒ, പാലമേൽ ഗ്രാമപഞ്ചായത്ത്	ഒന്നരയിൽ വീട്, എസ്.വി. വാർഡ്, കായംകുളം – 690502
ഡോ.വി.സജീവ്, മെഡിക്കൽ ഓഫീസർ (ഹോമിയോ)	മെഡിക്കൽ ഓഫീസർ (ഹോമിയോ), പാലമേൽ ഗ്രാമപഞ്ചായത്ത്	കണ്ണമ്പിള്ളിൽ വീട്, ശൂരനാട് പി.ഒ, കൊല്ലം ജില്ല.
ഡോ.ശ്രീജ.കെ.ഒ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), പാലമേൽ ഗ്രാമപഞ്ചായത്ത്	ശ്രീരാഗം, പേരൂർകാരാഴ്മ, ചാരുംമൂട്
ജയശ്രീ.എൽ, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.ഐ.ഡി & ഇ.ഡബ്ല്യു സെക്ഷൻ, പാലമേൽ ഗ്രാമപഞ്ചായത്ത്	അഞ്ജലി ഭവൻ, നീണ്ടൂർ, പള്ളിപ്പാട് പി.ഒ, ഹരിപ്പാട്

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
2006-07	എൽ.എഫ്.എ.1577/13/12.5.14
2007-08	എൽ.എഫ്.എ.1577/13/12.5.14
2008-09	എൽ.എഫ്.എ.1577/13/12.5.14
2009-10	എൽ.എഫ്.എ.1577/13/12.5.14
2010-11	കെ.എസ്.എ./എ.എൽ.പി/പി3/1592/2022/20.05.2023
2011-12	കെ.എസ്.എ./എ.എൽ.പി/പി3/1592/2022/20.05.2023
2012-13	കെ.എസ്.എ./എ.എൽ.പി/പി3/1592/2022/20.05.2023
2013-14	കെ.എസ്.എ./എ.എൽ.പി/പി3/1592/2022/20.05.2023
2014-15	കെ.എസ്.എ./എ.എൽ.പി/പി3/1592/2022/20.05.2023
2015-16	കെ.എസ്.എ./എ.എൽ.പി/പി3/1592/2022/20.05.2023
2016-17	കെ.എസ്.എ/എ.എൽ.പി/പി 6/1369/17/15.11.2017
2017-18	കെ.എസ്.എ/എ.എൽ.പി/പി 6/153/2019/16.05.2019
2018-19	കെ.എസ്.എ/എ.എൽ.പി/പി 3/807/2020/30.12.2020
2019-20	കെ.എസ്.എ-എ.എൽ.പി-പി.3/358/2022/27.03.2022

2020-21	കെ.എസ്.എ-എ.എൽ.പി-പി.3/567/2022/03.07.2022
2021-22	കെ.എസ്.എ-എ.എൽ.പി-പി.3/176/2023/23.02.2023
2022-23	കെ.എസ്.എ-എ.എൽ.പി-പി.3/1339/2023/7.12.2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

Annexure-1

Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 18-06-2024 and submitted on 20-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Palamel Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my

opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Palamel Grama Panchayat as on 31-03-2024

Date: 24/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Palamel Grama Panchayat for the Year 2023-2024.

1.Major Observations

NIL

2.Other Observations

1)Various liabilities included in Schedule B-4- Documents required to ensure accuracy of amount are not available.

2)Property Tax - The figures in the sanchaya software and annual accounts are not matching.

3)There is a discrepancy in the figures of Festival Advance.

4)Expenditure Amounts of CFC (Tied & Untied) Funds - Inaccuracy in calculations.

5)DCB is not certified in Advance and Deposit Registers.

6)Financial ratios as per accounting rules are not included in annual accounts.

7)Sanitation - The figure is not accurate.

8) ICDS Central share âÂÂ B-4 and RP(40(b) amounts are not matching.

Deputy Director

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്